# സി.കെ.ജി എം.എച്ച്.എസ്.എസ്
# ചിങ്ങപുരം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26



## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **മേഖല -അക്കാദമികം**<br>1) വിദ്യാർത്ഥികളിൽ പൊതുവിജ്ഞാനവും സാമൂഹ്യബോധവും വികസിപ്പിക്കുക. | 5 മുതൽ +2 വരെയുള്ള തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ടാലന്റ് സെർച്ച് പരീക്ഷ സംഘടിപ്പിക്കുക.<br>ഉയർന്ന ഗുണനിലവാരത്തിലെത്തുന്നവർക്ക് സമ്മാനം നൽകുക | ജനുവരി | എസ്.ആർ.ജി | 15000 |
| 2) എൻട്രൻസ് പരിശീലനം | +1,+2 വിദ്യാർത്ഥികൾക്ക് എഞ്ചിനിയറിങ്ങ് മെഡിസിൻ തുടങ്ങിയ വിവിധ മേഖലകളിലെ എൻട്രൻസ് പരീക്ഷയ്ക്ക് പരിശീലനം നൽകുക. | 2 വർഷം | എസ്.ആർ.ജി<br>എച്ച്.എസ്.എസ് | 10000 |
| 3) സിവിൽ സർവ്വീസ് പരീക്ഷയിൽ കുട്ടികളെ തയ്യാറാക്കുക. | സിവിൽ സർവ്വീസ് പരീക്ഷയിൽ ഹയർ സെക്കന്ററി കുട്ടികളെ സജ്ജമാക്കുന്നതിനുള്ള പരിശീലനം നൽകുക. | 1 വർഷം | എസ്.ആർ.ജി<br>എച്ച്.എസ്.എസ് | 10000 |
| 4) വിവിധ സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ സജ്ജമാക്കുക. | എൽ.എസ്.എസ്. യു.എസ്സ്.എസ്സ് എൻ.എം.എസ്.എസ് തുടങ്ങിയ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് പരിശീലനം നൽകുക. | ജൂലായ് മുതൽ ഫെബ്രുവരി വരെ | എസ്.ആർ.ജി | 20000 |
| 5) വിവിധ തൊഴിൽ മേഖലകളെ കുറിച്ചും തൊഴിൽ സാധ്യതകളെക്കുറിച്ചുമുള്ള അവബോധം വളർത്തിയെടുക്കുക. | കരിയർ ഗൈഡൻസ് ക്ലാസുകൾ, ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. | | എസ്.ആർ.ജി<br>എച്ച്.എസ്.എസ് | 5000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **മേഖല -സാമൂഹികം**<br>1) കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കാൻ | നേർരേഖ- ലഹരി വിരുദ്ധ ബോധ വൽക്കരണ പരിപാടി സംഘടിപ്പിക്കുക.<br>(+1,+2 ക്ലാസ്, 8,9,10 ക്ലാസുകൾക്ക് പ്രത്യേകമായി) | സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ | ജാഗ്രത സമിതി | 5000<br>പി.ടി.എ |
| 2) കൗമാരക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യവിദ്യാഭ്യാസം നൽകുക. | ശരിയായ ആരോഗ്യശീലങ്ങളെകുറിച്ച് വിദഗ്ദർ പങ്കെടുക്കുന്ന ക്ലാസ് | ഒക്ടോബർ നവംബർ | ജാഗ്രത സമിതി | 2500 പി.ടി.എ |
| 3) ഹയർസെക്കന്ററി കുട്ടികളുടെ അമ്മമാർക്ക് ബോധവൽക്കരണം | അമ്മ അറിയാൻ - എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതിയിൽ +1,+2 വിദ്യാർത്ഥിനികളുടെഅമ്മമാർക്ക് പ്രത്യേകം ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | നവംബർ | എസ്.ആർ.ജി | 2000 |
| 4) മാലിന്യമുക്തമായ വിദ്യഭ്യാസ ക്യാമ്പസ് എന്ന ലക്ഷ്യം | വിദ്യാലയം തീർത്തും മാലിന്യമുക്തമാക്കുന്നതിനുള്ള ദീർഘകാല പരിപാടി. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക | അഞ്ചു വർഷം | സ്റ്റാഫ് കൗൺസിൽ പി.ടി.എ | 100000 |
| 5) ജൈവ വൈവിധ്യപാർക്ക് സ്ഥാപിക്കുക | മാറുന്ന കാലത്തിന്റെ അഭിരുചി അനുസരിച്ച് സ്കൂളിൽ ആകർഷകമായ ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുക | ഒരു വർഷം | സ്കൂൾ പരിസ്ഥിതി ക്ലബ്, പി.ടി.എ | 100000 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികൾക്കും ഉന്നത വിജയം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | വിജയോത്സവം<br>യൂണിറ്റ് ടെസ്റ്റുകൾ, എക്സ്പോർട്ട് ക്ലബ്<br>ഹെൽപ്പ് ഡെസ്ക്<br>നൈറ്റ് ക്യാമ്പ്<br>അയൽപക്കപഠനം<br>ശനി, ഞായർ ക്ലാസുകൾ., ഗൃഹ സന്ദർശന പരിപാടി<br>കരിയർ ഗൈഡൻസ് സെൽ<br>ASAP | ജൂൺ മുതൽ മാർച്ച് വരെ | HS<br>HSS<br>SRG | 100000 |
| **മേഖല- ഭൗതികം**<br>നിലവിലുള്ള പരിമിതികൾ പരിഹരിച്ചുകൊണ്ട് എല്ലാ സൗകര്യവുമുള്ള ഭക്ഷണശാല നിർമ്മിക്കുക | കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയ ഭക്ഷണശാല നിർമ്മിക്കുക. | 5 വർഷം | സ്കൂൾ മാനേ ജ്മെന്റ് | 1000000 |
| ലൈബ്രറി കെട്ടിടം നിർമ്മിക്കുക. | വായനശാല ഉൾപ്പെടെയുള്ള ലൈബ്രറി കെട്ടിടം നിർമ്മിക്കൽ<br>പുസ്തകങ്ങൾ സമാഹരിക്കൽ<br>ക്ലാസ് തല ലൈബ്രറി രൂപീകരണം | 5 വർഷം | മനേജ്മെന്റ്<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥി സംഘടന | 500000 |
| കുട്ടികളുടെ എണ്ണത്തിന് ആനുപാദികമായി ശുചിമുറികൾ നിർമ്മിക്കുക. | ഗേൾസ് ഫ്രെണ്ട്‌ലി ടോയ്‌ലറ്റുകൾ | | മാനേജ്മെന്റ് | 500000 |

## ടാലന്റ് ടാബ്

എല്ലാ കുട്ടികളും വിദഗ്ധരാണ്. ഏതെങ്കിലും ഒരു മേഖലയിലെങ്കിലും അവരെ കണ്ടെത്തുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും നാം വളരെ പിന്നിലാണ്. ഈ നില തുടർന്നാൽ ചിങ്ങപുരത്തിന്റെ മഹത്തായ കലാ സാംസ്കാരിക പാരമ്പര്യം നമുക്ക് നഷ്ടമാവും. അത് പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഈ പദ്ധതി

### പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

- സ്കൂൾ പ്രവേശന സമയത്ത് തന്നെ കുട്ടിയുടെ താൽപര്യമുള്ള മേഖല ചോദിച്ച് രേഖപ്പെടുത്തുക.
- സ്കൂൾ തുറന്നയുടൻ ഓരോ മേഖലയിലുള്ള ഇനങ്ങളുടെ പട്ടിക പ്രദർശിപ്പിക്കുക. (ഉദാ:- കല,ലളിതഗാനം, മാപ്പിളപ്പാട്ട്, പദ്യം ചൊല്ലൽ, നാടകം, ഉപകരണസംഗീതം. കായികം, ഓട്ടം, ചാട്ടം , എറിയൽ, നീന്തൽ, ഫുട്ബോൾ, പ്രവൃത്തി പരിചയം, ഒറിഗാമി , ശിൽപ്പങ്ങൾ, തുന്നൽ, എംബ്രോയിഡറി. ഓരോ കുട്ടിയും ഒരു ഇനം തെരഞ്ഞെടുക്കണം.
- ഒരേയിനം കിട്ടിയ കുട്ടികളെ ഗ്രൂപ്പാക്കുക. ഒരു ടീച്ചർക്കും, പി.ടി.എ, പൂർവ്വവിദ്യാർത്ഥി, പൂർവ്വ അധ്യാപകൻ, രക്ഷിതാവ് എന്നിവർക്ക് ചുമതല.
- ആഴ്ചയിലൊന്ന്,മാസത്തിൽ രണ്ട് തുടങ്ങി പ്രസ്തുത ഗ്രൂപ്പിന് ആവശ്യമായ പരിശീലന സമയം നിശ്ചയിക്കാം.
- പങ്കെടുക്കുന്ന കുട്ടികളുടേയും അവരുടെ രക്ഷിതാക്കളുടേയും യോഗം വിളിച്ച് പ്രവർത്തന പരിപാടികൾ രക്ഷിതാക്കളുടെ പങ്ക് (റോൾ) എന്തെല്ലാമാണെന്ന് ഉറപ്പാക്കണം.
- മികച്ച കുട്ടികളെ സ്കൂൾ തലം മുതൽ സംസ്ഥാനതലം വരെ മത്സരത്തിൽ പങ്കെടുപ്പിക്കുക.
- കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് പൂർവ്വ അധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുക.
- മുഴുവൻ കുട്ടികളുടേയും പ്രകടനങ്ങൾ സ്കൂൾ വാർഷികത്തിന്റെ ഭാഗമായി നടക്കുന്ന കലാകായിക പ്രവൃത്തി പരിചയമേളയിൽ അവതരിപ്പിക്കാനവസരം.
- ഗുരുവന്ദനം - പരീശീലകരെ ആദരിക്കൽ.
- ദിനാചരണങ്ങൾ, സ്കൂൾ റേഡിയോ, അനുദിനം അവസരം, സ്കൂൾ നാടകവേദി, പ്രോജക്ട് , അനുഷ്ഠാന കലകൾ, ഫോക്‌ലോർ എന്നീ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ, ഡോക്യുമെന്റേഷൻ.

### എസ്.എം.എസ് അലേർട്ട് സംവിധാനം

- കുട്ടികളുടെ ലീവ് വിവരങ്ങൾ അതാത് ദിവസങ്ങളിൽ രാവിലെ തന്നെ എസ്.എം.എസ്സിലൂടെ രക്ഷിതാക്കളെ അറിയിക്കാനുള്ള സംവിധാനം.

### ഗ്രീൻ പ്രോട്ടോകോൾ

- ആഹാരം, കുടിവെള്ളം എന്നിവ ആവശ്യത്തിന് മാത്രം സ്റ്റെയിൻലൈസ് സ്റ്റീൽ പാത്രങ്ങളിൽ കൊണ്ടുവരിക. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ സാധനങ്ങൾ കർശനമായി ഒഴിവാക്കുക. മാലിന്യത്തെ ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ മൂന്നായി തരം തിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം

# വിദ്യാലയ ജാഗ്രതാസമിതി

**കുട്ടികൾ**

- ◆ കുട്ടിയെ അറിയുക,വീടറിയുക
- ◆ കുട്ടികൾക്കുള്ള മോട്ടിവേഷൻ ക്ലാസുകൾ
- ◆ ജീവിത നൈപുണി വികസന പരിശീലനം
- ◆ മുഴുവൻ സമയ കൗൺസിലറുടെ സേവന- കൗൺസിലിംങ്ങ് റൂം
- ◆ നൈതിക സഭ
- ◆ ലഹരി വിരുദ്ധ ക്യാമ്പയിൻ
- ◆ ലഹരി ◆ മൊബൈൽ ◆ നവമാധ്യമം

**രക്ഷിതാക്കൾ**

- ◆ രക്ഷിതാക്കൾക്കുള്ള പരിശീലനം
- ◆ പാരന്റിംഗ് ക്ലാസ്
- ◆ നവമാധ്യമ ദുരുപയോഗം - ബോധവൽക്കരണം
- ◆ ക്ലാസ് തല കുടുംബസംഗമം
- ◆ പിതൃസംഗമം

**അദ്ധ്യാപകർ**

- ◆ പരിശീലന ക്ലാസുകൾ
- ◆ ഏകദിന ശിൽപശാല

**സമൂഹം**

- ◆ സ്കൂൾ പ്രൊട്ടക്ഷൻ കമ്മിറ്റി ശക്തിപ്പെടുത്തൽ
- ◆ ജാഗ്രതസഭ (വീട്ടുമുറ്റത്തൊരുസഭ)
- ◆ നാട്ടിൻപുറത്തെ സംഗമങ്ങൾ (വാർഡ്)

*ശിശുവിനെ മാന്യനാക്കാനല്ല, മനുഷ്യനാക്കാനാണ് വിദ്യാഭ്യാസം നൽകേണ്ടത്.*
*- മാർക്സ്*

# മലയാളം

# മലയാളം

അമുഖം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്ര ങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിലൂടെ പൊതുവിദ്യാലയങ്ങൾ ഉണരുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിജയിക്കേണ്ടത് ക്ലാസ് മുറികളിലാണ്. ഇതിനായി മലയാളം വിഷയവുമായി ബന്ധപ്പെട്ട് നില നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

ഭാഷാ പഠനം സുഗമമാക്കാൻ അവശ്യം വേണ്ടത് അക്ഷരബോധവും താൽപര്യവുമാണ്. ' 'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക" എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴു ത്തിന്റേയും ലോകത്തേക്ക് നയിക്കാൻ ഒരു മഹത് സംരംഭത്തിന് ഒരുങ്ങുക യാണ്. അതിനുവേണ്ടി മലയാളം അധ്യാപകരുടെ കൂട്ടായ്മയിൽ ഉയർന്ന് വന്ന അഭിപ്രായങ്ങളുടെ കരട് ഇവിടെ സമർപ്പിക്കുന്നു. വിശദമായി ചർച്ചകൾക്ക് ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുവാൻ നമുക്ക് കഴിയ ണം.

**മാതൃഭാഷാ പ്രശ്നങ്ങൾ**

**അക്കാദമികം**

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ അക്ഷരലോകം
2. സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോൽസാഹനവും നൽകു ന്നില്ല.
3. സാഹിത്യശാഖകളെ കുറിച്ചും സാഹിത്യകാരന്മാരെകുറിച്ചുള്ള പരിചയപ്പെടാനുള്ള അവസരമില്ലായ്മ.
4. ദൃശ്യശ്രാവ്യ മാധ്യമങ്ങളെകുറിച്ച് കൃത്യമായ അറിവില്ലായ്മ-പഠനപ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.ടി.സി സാധ്യത എന്നിവ ഫലപ്രദമായി ഉപ യോഗിക്കുന്നില്ല.
5. ലൈബ്രറി സജ്ജീകരണത്തിന്റെ അഭാവം
6. കൗമാരക്കാരിൽ വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ആസക്തിയും ഉപയോഗവും ഇല്ലാതാക്കാൻ
7. ഭിന്നശേഷിക്കാർക്ക് പരിഗണന ലഭിക്കാത്ത അവസ്ഥ പരിഹരിക്കാൻ
8. പരിസ്ഥിതി അവബോധമില്ലായ്മ.

*വിദ്യാർത്ഥിയെ മനസ്സിലാക്കുന്നതിലാണ് വിദ്യാഭ്യാസത്തിന്റെ രഹസ്യം*
*- സ്പെൻസർ*

## പ്രശ്ന വിശകലനം

മേഖല- അക്കാദമികം

**പ്രശ്നം: 1.** ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം (പദ്ധതി) |
|---|---|---|
| **കുട്ടികൾ**<br>* ഭാഷാപഠനത്തോട് താൽപര്യകുറവ്<br>* വായനാ പ്രവർത്തനങ്ങളുടെ കുറവ്<br>**അധ്യാപകർ**<br>* എല്ലാ കുട്ടികളെയും പരിഗണിച്ച് ക്ലാസുകൾ കൊണ്ടു പോകാൻ കഴിയില്ല.<br>* വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.<br>**സംവിധാനം**<br>* സമയകുറവ്<br>* കുട്ടികളുടെ എണ്ണം കൂടുതൽ<br>* തൽസമയസഹായ സംവിധാനമില്ല<br>**രക്ഷിതാക്കൾ**<br>* കുട്ടികളുടെ പഠനനില തിരിച്ചറിയുന്നില്ല. | *1-12 വരെ ക്ലാസിൽ പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണ്ണയിക്കൽ<br>''അക്ഷരലോകം'', അക്ഷരം,ചിഹ്നം ഉൾപ്പെടുന്ന കാർഡ് , വാക്കുകൾ- വാക്യങ്ങൾ നിർമ്മിക്കൽ<br>* എല്ലാ കുട്ടികളെയും പരിഗണിക്കുന്ന ക്ലാസ് ആസൂത്രണം ചെയ്യണം.<br>*രക്ഷിതാക്കൾക്ക് ബോധവൽക്കരണക്ലാസ്<br>*ശില്പശാലകൾ | പ്രീ-ടെസ്റ്റ്<br>അക്ഷരലോകം,<br>ശില്പശാലകൾ |
| **പ്രശ്നം:2 സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര താൽപര്യമില്ലായ്മ** | | |
| **കുട്ടികൾ**<br>* ഭാഷാ-വ്യവഹാരരൂപങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.<br>*വേദികളുടെയും പ്രോൽസാഹനങ്ങളുടേയും കുറവ്<br>* വായനയുടേയും അനുഭവങ്ങളുടേയും കുറവ്<br>**അധ്യാപകർ**<br>*കുട്ടികളുടെ സർഗ്ഗാത്മകശേഷികൾ കണ്ടെത്തുന്നില്ല.<br>* പ്രോൽസാഹിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നില്ല.<br>**സംവിധാനം**<br>* എല്ലാവർക്കും അവസരം ലഭിക്കുന്നില്ല<br>**രക്ഷിതാക്കൾ**<br>* കുട്ടികളുടെ സർഗ്ഗാതമക താൽപര്യങ്ങൾ പരിഗണിക്കുന്നില്ല. | വായനാപ്രവർത്തനങ്ങൾക്ക് അവസരമൊരുക്കൽ<br>മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുക.<br>കുട്ടികൾക്ക് പ്രോൽസാഹനം നൽകുക.<br>ക്ലാസ് പി.ടി.എ യിൽ ബോധ്യപ്പെടുത്തുക<br>എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കുന്ന സ്ഥിരം സംവിധാനം | കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ<br>സ്കൂൾ മാഗസിൻ<br>കൈയ്യെഴുത്ത് മാസിക<br>ചുമർ മാസിക<br>ബ്ലോഗ് |

**പ്രശ്നം: 3** സാഹിത്യശാഖകളെകുറിച്ചും സാഹിത്യകാരന്മാരെ കുറിച്ചും പരിചയപ്പെടാനുള്ള അവസരം ഇല്ലായ്മ

| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പ്രവർത്തനം (പദ്ധതി)** |
|---|---|---|
| **കുട്ടികൾ**<br>* വായനാ പ്രവർത്തനങ്ങളുടെകുറവ്<br>* കലാരൂപങ്ങളോടുള്ള താൽപര്യമില്ലായ്മ<br>**അധ്യാപകർ**<br>പഠനസാമഗ്രികളുടെ അഭാവം<br>ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യമില്ലായ്മ<br>**സംവിധാനം**<br>ലൈബ്രറി സംവിധാനം ഫലപ്രദമല്ല.<br>ഭൗതിക സാഹചര്യം ഇല്ലായ്മ<br>**രക്ഷിതാക്കൾ**<br>കുട്ടികളുടെ പ്രശ്നങ്ങൾ മനസിലാക്കാൻ കഴിയുന്നില്ല. | മുതിർന്ന കലാകാരന്മാരുമായി അഭിമുഖം<br>കഥകളി, ഓട്ടൻതുള്ളൽ<br>ഡമോൺസ്ട്രേഷൻ<br>ചാനൽ ചർച്ചകൾ- സംവാദങ്ങൾ<br>കാണുവാൻ അവസരം ഒരുക്കുക | പഠനയാത്ര<br>കലാരൂപങ്ങൾ പ്രദർശിപ്പിക്കൽ<br>സെമിനാർ<br>ദിനാചരണങ്ങൾ |
| പ്രശ്നം:4 ദൃശ്യശ്രാവ്യമാധ്യമങ്ങളെകുറിച്ച് കൃത്യമായ അറിവില്ലായ്മ | | |
| **കുട്ടികൾ**<br>ഗാർഹിക പ്രശ്നങ്ങൾ<br>പഠനശൈലി പരിഗണിക്കാതിരിക്കുന്നത്<br>**അധ്യാപകർ**<br>ഐ.സി.ടി സാധ്യതകളുടെ ലഭ്യത<br>ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യമില്ലായ്മ<br>**സംവിധാനം**<br>സമയകുറവ്<br>പരിശീലനകുറവ്<br>**രക്ഷിതാക്കൾ**<br>സാമ്പത്തികം<br>കുട്ടികളുടെ യഥാർത്ഥ പ്രശ്നം മനസ്സിലാകാത്തത് | * പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം<br>* സ്കൂൾ റേഡിയോ<br>* സൗണ്ട് ബോക്സുകൾ എല്ലാ ക്ലാസുകളിലും സ്ഥാപിക്കാൻ<br>* രക്ഷാകർതൃബോധവൽക്കരണം<br>* ക്ലാസ് ലൈബ്രറി | ഐ.സി.ടി പരിശീലനം<br>അധ്യാപകർക്കും കുട്ടികൾക്കും<br>ക്ലാസ് മുറി ഹൈടെക് വൽക്കരണം |

പ്രശ്നം: 5 ലൈബ്രറി സജീകരണത്തിന്റെ അഭാവം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം (പദ്ധതി) |
|---|---|---|
| **കുട്ടികൾ**<br>* വായനയിൽ താൽപര്യമില്ലായ്മ<br>**അധ്യാപകർ**<br>ലൈബ്രേറിയനായ അധ്യാപകന്റെ സമയ കുറവ്<br>**സംവിധാനം**<br>പുസ്തകങ്ങൾ കുട്ടികൾക്ക് എത്തിക്കുന്നതിൽ ബുദ്ധിമുട്ട് | ക്ലാസ് ലൈബ്രറി നിർമ്മാണം<br>സ്കൂൾ ലൈബ്രറി നവീകരണം<br>സമീപത്തുള്ള ഗ്രന്ഥശാലയിൽ അംഗത്വമെടുക്കൽ<br>രക്ഷാകർതൃബോധവൽക്കരണം<br>അമ്മ വായന | ക്ലാസ് ലൈബ്രറി<br>വായനമുറി |
| പ്രശ്നം:6 പരിസ്ഥിതി അവബോധമില്ലായ്മ | | |
| **കുട്ടികൾ**<br>പ്രകൃതിയെ കുറിച്ചറിയാൻ താൽപര്യമില്ലായ്മ<br>**അധ്യാപകർ**<br>പരിസ്ഥിതി അവബോധം നൽകാതിരിക്കൽ<br>* പരിസ്ഥിതി വിഷയമായ കവിതകൾ, കഥകൾ എന്നിവ പരിചയപ്പെടുത്താതിരിക്കൽ<br>**സംവിധാനം**<br>സമയകുറവ്<br>ഇത്തരം കാര്യങ്ങളിൽ പരിശീലനകുറവ്<br>**രക്ഷിതാക്കൾ**<br>കുട്ടികളെ സാമൂഹ്യ ചുറ്റുപാടുമായി ബന്ധപ്പെടുത്തുന്നില്ല. | പ്രകൃതിയെ അറിയാൻ<br>പരിസ്ഥിതി പ്രവർത്തകർ<br>പരിസ്ഥിതി കഥകൾ, കവിതകൾ<br>പരിസ്ഥിതിയുടെ നാശത്തെകുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | പഠനയാത്രകൾ<br>അഭിമുഖം<br>സംവാദം<br>പരിസ്ഥിതി<br>കൃതികൾ |

| പ്രോഗ്രാം | ആക്റ്റിവിറ്റി | പരിഹാര നിർദ്ദേശം | കാലം | സംഘാടനം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| **പ്രശ്നം-1**<br>ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>(അക്ഷരലോകം)<br>അക്ഷരബോധമില്ലായ്മ) | 1. അക്ഷരം, ചിഹ്നം ഇവ ഉൾപ്പെടുന്ന കാർഡ്<br>2. വാക്കുകൾ , വാക്യം ഇവ നിർമ്മിക്കൽ<br>3. ചിത്രം-കഥപറയൽ<br>അടിക്കുറിപ്പ്<br>കഥ എഴുതൽ<br>4. വായന, ചോദ്യം നിർമ്മിക്കൽ<br>5. പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് ഒരുക്കുന്നു.<br>6. വായനാ മൽസരം - ക്ലാസ്തലം -സ്കൂൾതലം<br>7. ചോദ്യത്തര നിർമ്മാണം<br>8. ഒരു രേഖാചിത്രം നൽകുന്നു അതിനെ പറ്റി വാക്യങ്ങൾ നിർമ്മിക്കൽ | കേട്ടെഴുത്ത്<br>ക്ലാസ് ടെസ്റ്റ്<br>എൽ.പി , യു.പി<br>എല്ല്.എസ് | ജൂൺ<br>ജൂലൈ | വിഷയ സമിതി<br>യു.പി.<br>എച്ച്.എസ്.<br>എച്ച്.എസ്.<br>എസ് | പുസ്തകങ്ങൾ | 5000<br>പി.ടി.എ |
| **പ്രശ്നം-2**<br>മികച്ച വായന-അക്ഷരങ്ങൾ തെറ്റുകൂടാതെ വായിക്കാനുള്ള അവസരം ഉണ്ടാക്കുക.<br>(ആസ്വാദകരമായ വായന)<br>സർഗാത്മകമായ കഴിവ് പ്രകടിപ്പിക്കാനുള്ള അവസരമില്ലായ്മ | 1. ഗ്രൂപ്പ് അടിസ്ഥാനത്തിൽ വായന<br>2. ഓരോ കുട്ടിക്കും അവസരം<br>3. വായനാമത്സരം- ക്ലാസ്തലം, സ്കൂൾതലം<br>4. ചാർട്ടുകൾ പ്രദർശനം<br>5. പത്രവാർത്ത<br>6. വായനാകുറിപ്പ്<br>7. ചോദ്യോത്തരനിർമ്മാണം<br>8. അനുഭവവിവരണം<br>9. അനുഭവം പങ്കുവെയ്ക്കൽ<br>10. അഭിമുഖം-കലാകാരൻ<br>11. ഇൻലന്റ് മാഗസിൻ-ചുമർ പത്രിക, പതിപ്പ്, ചാർട്ട്<br>12. കത്ത് പരിചയപ്പെടൽ<br>13. കത്തെഴുത്ത് മത്സരം<br>14. സർഗവേള-ആഴ്ചയിൽ<br>15. വ്യത്യസ്ത ദിനപത്രം, ആനുകാലിക പ്രസിദ്ധീകരണം പരിചയം | കുട്ടികൾക്ക് വായിക്കാനുള്ള പ്രോൽസാഹനം നൽകുക<br>അഭിമുഖം-മാതൃക<br>കത്ത് -മാതൃക | ആഗസ്റ്റ്<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>വിഷയ സമിതി<br>ഗ്രന്ഥശാല<br>പി.ടി.എ<br>ബി.ആർ.സി | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വായനാമുറി<br>പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ | 10000 |

| പ്രോഗ്രാം | ആക്റ്റിവിറ്റി | പരിഹാര നിർദ്ദേശം | കാലം | സംഘാടനം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| | 16. കാർട്ടൂൺ പരിചയം<br>17. കാർട്ടൂണിസ്റ്റുമായി അഭിമുഖം<br>18. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>19. ദിനാചരണങ്ങൾ<br>20. സാഹിത്യകാരനുമായി അഭിമുഖം<br>21. കവിത കവിത നൽകൽ -ഈണം കണ്ടെത്തൽ<br>22. കുട്ടികളുടെ മാസികകൾ പരിചയപ്പെടുത്തൽ<br>23. കഥാപൂരണം<br>24. പ്രകൃതി വർണ്ണന | കാർട്ടൂൺ പരിചയപ്പെടുത്തുക.<br><br>അഭിമുഖസംഭാഷണം കാർട്ടൂണിസ്റ്റുമായി നടത്തുന്നു.<br><br>പ്രകൃതിയെ അറിയാനുള്ള അവസരം ഒരുക്കുന്നു. (കടൽ പ്രകൃതി ദൃശ്യം കാണിക്കുന്നു. | | വിഷയ സമിതി<br><br>ജനപ്രതിനിധികൾ | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ ചിത്രങ്ങൾ | |
| **പ്രശ്നം-3**<br>സാഹിത്യശാഖകളെക്കുറിച്ചുള്ള അറിവും സാഹിത്യകാരന്മാരെ കുറിച്ചുള്ള അറിവും പരിചയപ്പെടാനുള്ള അവസരമില്ലായ്മ<br>(സർഗ്ഗസൃഷ്ടികൾക്ക് പ്രധാന്യം) | 1. അഭിമുഖം<br>2. സംവാദം നടത്താനുള്ള അവസരം നൽകൽ<br>3. കലകൾ പരിചയപ്പെടാനുള്ള അവസരം. കഥകളി, ഓട്ടൻതുള്ളൽ<br>4. പഠനയാത്ര<br>5. തുഞ്ചൻപറമ്പ്, കേരളകലാമണ്ഡലം തുടങ്ങിയ സാംസ്കാരിക കേന്ദ്രങ്ങളിലേക്ക്<br>6. സെമിനാർ<br>7. സാഹിത്യകാരൻമാർ പ്രമുഖ വ്യക്തികൾ ഇവയുടെ ദിനാചരണം സമയബന്ധിതമായി നടത്തുന്നു. | മുതിർന്ന കലാകാരൻ അഭിമുഖം-മാതൃക (1,2)<br><br>ഓട്ടൻതുള്ളൽ, കഥകളി, ഡെമാൺസ്ട്രാഷൻ<br><br>ചാനൽ പരിചയപ്പെടുത്തി. സെമിനാർ, സംവാദം കാണാനുള്ള അവസരം ഒരുക്കൽ | ജൂൺ<br><br>ഫിബ്രവരി | വിഷയസമിതി<br>പി.ടി.എ | സ്മാർട്റൂം<br><br>ഐ.സി.ടി. സാധ്യതകൾ | 40000<br><br>പി.ടി.എ<br><br>മാനേജ്മെന്റ്<br><br>എസ്.എസ്.എ |

| പ്രോഗ്രാം | ആക്റ്റിവിറ്റി | പരിഹാര നിർദ്ദേശം | കാലം | സംഘാടനം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| | 8. സ്കൂൾ റേഡിയോ<br>(ദിനാചരണം, കവിത, ഗാനാലാപനം, ഇവ ഉൾപ്പെടുത്തി കുട്ടികൾക്ക് കേൾക്കത്തക്കവിധത്തിൽ സ്കൂളിന്റെ പ്രധാന ഭാഗങ്ങളിൽ ഉൾപ്പെടുത്തുക.<br>9. വിദ്യാരംഗം ശിൽപശാല<br>10. മാധ്യമ ശിൽപശാല<br>11. സിനിമാ ശിൽപശാല<br>12. സാഹിത്യകാരന്മാരുടെ ചിത്രപ്രദർശനം<br>13. നാടൻപാട്ട്, നാടൻകലകൾ, ഇവയുടെ ശിൽപശാല<br>14. വായനകൂട്ടം<br>15. പ്രോജക്ട്<br>16. വായനാകുറിപ്പ്<br>17. ആസ്വാദനകുറിപ്പ്<br>18. സർഗസൃഷ്ടികൾ<br>19. മാസികാ രൂപത്തിൽ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തുന്നു.<br>20. വ്യക്തിഗത രചന<br>21. വായനാകുറിപ്പ് പതിപ്പ്<br>22. പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കുന്നു.<br>23. രചയിതാക്കളെ പരിചയപ്പെടൽ<br>24. കഥ, കവിത, ചിത്രരചന, അഭിനയം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം | സ്കൂൾ - എല്ലാ ഭാഗത്തുള്ള കുട്ടികളും കേൾക്കത്തക്കവിധത്തിൽ ഒരു കുട്ടി കവിത ആലപിക്കുന്നു.<br><br>എഡിറ്റിംഗ്, പത്രപ്രവർത്തനം, ഇവ അറിയാൻ സഹായം<br><br>പ്രദേശിക കലാകാരനുമായും സാഹിത്യകാരനുമായും അഭിമുഖം<br><br>എഴുത്തിനുള്ള പ്രചോദനം നൽകൽ | ജൂൺ<br>ഫിബ്രവരി | വിഷയ സമിതി<br><br>പി.ടി.എ<br>ജനപ്രതിനിധി<br><br>വിഷയ സമിതി | പുസ്തകങ്ങൾ<br><br>സിഡി | |

| പ്രോഗ്രാം | ആക്റ്റിവിറ്റി | പരിഹാര നിർദ്ദേശം | കാലം | സംഘാടനം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| | 25. കഥ,കവിത, ചിത്രരചന, അഭിനയം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം<br>26. സിനിമാ പ്രദർശനം<br>27. ഫിലിം ക്ലബ് രൂപീകരണം<br>28. സിനിമാ നിർമ്മിക്കാനുള്ള പ്രേരണ നൽകുന്നു<br>29. അസംബ്ലി , സാഹിത്യകാരൻമാരെ പരിചയം, മഹദ് വചനങ്ങൾ - ഒരു കുട്ടി ഒരു ദിവസം എന്ന ക്രമത്തിൽ | പ്രാദേശിക സിനിമാ പ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുന്നു. കുട്ടികളുടെ സിനിമാ പ്രദർശിപ്പിക്കുന്നു.<br>എൽ.പി.യു.പി ക്ലാസുകളിൽ<br>ഒരു മാതൃക ഒരു വ്യക്തിയുടെ വചനങ്ങൾ പരിചയപ്പെടുത്തുന്നു. | | വിഷയ സമിതി | പുസ്തകങ്ങൾ<br>സിഡി | |
| **പ്രശ്നം-4**<br>പരിസ്ഥിതി അവബോധമില്ലായ്മ | 1. പ്രകൃതിയുമായി ബന്ധപ്പെട്ട കവിതകൾ<br>2. പ്രകൃതി ദൃശ്യം ചിത്രീകരണം<br>3. പ്രകൃതിദൃശ്യം കാവ്യാത്മകമായി എഴുതി അവതരിപ്പിക്കുക.<br>4. ഒരു ട്രിപ്പ് സംഘടിപ്പിക്കുക. (ഉദ്യാനം, പാർക്കുകൾ, കടൽ)<br>5. പരിസ്ഥിതി കവിത | പ്രകൃതി ദൃശ്യാവിഷ്ക്കാരം<br>പ്രകൃതി നശിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ച് മനസ്സിലാക്കാൻ ക്ലാസ് സംഘടിപ്പിക്കുന്നു. | ഒക്ടോബർ ഡിസംബർ | അധ്യാപകൻ<br>പരിസ്ഥിതി പ്രവർത്തകർ | പുസ്തകങ്ങൾ | |
| **പ്രശ്നം-5**<br>ഭിന്നശേഷിക്കാർക്ക് പരിഗണന ലഭിക്കാത്ത അവസ്ഥ | ഭിന്നശേഷിക്കാർക്ക് ഗുണപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>1. അക്ഷരങ്ങൾ<br>2. നോക്കി എഴുത്ത്<br>3. ചിത്രങ്ങൾ<br>4. ക്ലാസുകൾ സംഘടിപ്പിക്കുക. | ടീച്ചർ നിയമിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. | | ബി.ആർ.സി<br>ഐ.ഇ.ഡി<br>ട്രെയിനർ<br>പി,ടി.എ | | |

| പ്രോഗ്രാം | ആക്റ്റിവിറ്റി | പരിഹാര നിർദ്ദേശം | കാലം | സംഘാടനം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| **പ്രശ്നം-6**<br>ദൃശ്യശ്രാവ്യ മാധ്യമങ്ങളെകുറിച്ച് കൃത്യമായ അറിവില്ലായ്മ | 1. ഐ.ടി സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തൽ<br>2. പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം<br>3. സ്കൂൾ റേഡിയോ<br>4. സൗണ്ട് ബോക്സുകൾ സ്കൂളിന്റെ പ്രധാന ഭാഗങ്ങളിൽ ഘടിപ്പിക്കാൻ സൗകര്യം ഒരുക്കുക.<br>(ദിനാചരണങ്ങൾ, കവിത, ഗാനാചാപനം, മഹദ് വചനങ്ങൾ ഇവ എല്ലാവർക്കും കേൾക്കത്തക്കവിധത്തിലുള്ള സൗകര്യം | സ്മാർട്ട് റൂമുകൾ കൂടുതലായി പ്രയോജനപ്പെടുത്തുക<br>എച്ച്.എം, പി.ടി.എ ഇവയുടെ സഹായത്തോടെ പരിഹാരം കാണുന്നു. | | വിഷയസമിതി<br>പി.ടി.എ | സി.ഡി<br>ഇന്റർനെറ്റ് സൗകര്യം | |
| **പ്രശ്നം-7**<br>ലൈബ്രറി സജീകരണത്തിന്റെ അഭാവം | 1. പുസ്തകശേഖരണം<br>2. ക്ലാസ് ലൈബ്രറി രൂപീകരണം<br>3. സ്കൂൾ ലൈബ്രറി നവീകരണം<br>4. സമീപത്തുള്ള ഗ്രന്ഥശാല അംഗത്വം എടുക്കൽ<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. അമ്മ വായന<br>7. പുസ്തക വായന യു.പി,എൽ.പി<br>8. പുസ്തകങ്ങൾ ഒരുക്കൽ<br>9. ആനുകാലിക വായന<br>10. ഇ.വായന | പൂർവ്വവിദ്യാർത്ഥികൾ, കുട്ടികൾ, രക്ഷിതാക്കൾ ഇവരെ ഉൾപ്പെടുത്തി ലൈബ്രറി നവീകരിക്കുന്നു. | ആറ് മാസം | പി.ടി.എ<br>ഗ്രന്ഥശാല<br>ജനപ്രതിനിധി<br>ജില്ലാ പഞ്ചായത്ത് | ക്ലാസ് ലൈബ്രറി<br>വായനാമുറി<br>കമ്പ്യൂട്ടർ | |
| **പ്രശ്നം-8**<br>കൗമാരത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും ലഹരി വസ്തുക്കളോടുള്ള ആസക്തിയും | 1. ഷോർട്ട് ഫിലിം പ്രദർശനം<br>2. ബോധവൽക്കരണ ക്ലാസ് | സമീപ പ്രദേശങ്ങളിൽ ലഹരി വസ്തുക്കൾ ഇല്ല എന്ന് ഉറപ്പ് വരുത്തുക | ജൂൺ മുതൽ മാർച്ച് വരെ | എക്സൈസ് ഡിപ്പാർട്ട്മെന്റ് | | |

# അറബിക്

# ആമുഖം

ഭാഷാപഠനത്തെ മൂന്ന് തലങ്ങളായി വിഭജനം നടത്തിയാണ് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയത്.

ആസ്വാദനതലം, വിജ്ഞാനതലം, വിനിമയതലം, സംശയവും ഭയവുമില്ലാതെ ഭാഷാകൈകാര്യം ചെയ്യുമ്പോഴാണ് ആശയവിനിമയ ശേഷി കൈവരുന്നത്. ഭാഷ സമ്പന്നമായ ഒരു സംസ്കാരപഠനം കൂടിയാണ് ആ പഠനം ചെന്നെത്തുന്നത്. അനന്തമായ വൈജ്ഞാനിക ശേഖരത്തിലാണ് ഭാഷാപഠനത്തിൽ അവഗണിക്കാനാവാത്ത ഘടകമാണ് ആസ്വാദനം; സിനിമയും നാടകവും , കവിതയും സർഗ്ഗാത്മക വികാസത്തിന്റെ ഭിന്ന രൂപങ്ങളാണ്.

ക്ലാസ് മുറിയിൽ ബോധന തന്ത്രങ്ങളും, രീതിശാസ്ത്രങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ അക്കാദമിക പ്ലാൻ സമർപ്പിക്കുന്നു.

ലക്ഷ്യങ്ങൾ

* ആസ്വാദനം
* വായന
* ലിപി പരിചയം
* സാഹിത്യകാരന്മാരെ പരിചയപ്പെടൽ
* തൊഴിൽ സാധ്യതകൾ
* ക്ലാസ്തല പത്രങ്ങൾ മാഗസിനുകൾ
* ഭാഷാദിനാചരണം
* പത്രമാഗസിൻ പരിചയം

പ്രവർത്തനങ്ങൾ

* സാഹിത്യാസ്വാദനം:-

അറബിഗാനം, സിനിമ, നാടകം എന്നിവയുടെ ആസ്വാദനത്തിനായി അറബിക് ഡെ രൂപീകരിക്കുന്നു.

* അടിക്കുറിപ്പ്

ചിത്രം നൽകി അടിക്കുറിപ്പ് തയ്യാറാക്കാനുള്ള മത്സരം സംഘടിപ്പിക്കുന്നു.

* ചിത്രകഥ:- ചിത്രങ്ങൾ നൽകി കഥ പൂർത്തീകരിക്കൽ

പിന്നോക്കക്കാരെ പരിഗണിക്കൽ:-

പിന്നോക്കക്കാർക്കായി അക്ഷരക്കളരി സംഘടിപ്പിക്കൽ

* പത്രം-മാഗസിൻ:-

ക്ലാസിൽ പത്രം, മാഗസിൻ എന്നിവ അധ്യാപക സഹായത്തോടെ തയ്യാറാക്കുന്നു.

* പത്രപരിചയം:- വിവിധ രാജ്യങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങളും മാഗസിനുകളും (അറബിക്) പരിചയപ്പെടുത്തുന്നു.

* ഭാഷാദിനം:- അന്താരാഷ്ട്ര അറബി ഭാഷാ ദിനമായ ഡിസംബർ 18 നോടനുബന്ധിച്ച് ഡിസംബർ മാസത്തിൽ വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

* ഐ.ടി.സാധ്യത:- അറബി ഭാഷയുടെ ഐ.ടി. സാധ്യത പരിചയപ്പെടുത്താൻ അറബിക് ഐ.ടി ക്ലബ് രൂപീകരിക്കുന്നു.

* സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ:-

  അറബിക് സാഹിത്യകാരന്മാരെ പരിചയപ്പെടുത്തി സാഹിത്യകൃതികളെകുറിച്ചുള്ള ചർച്ചയും, കഥ, കവിത, പ്രസംഗം, അക്ഷരശ്ലോകം എന്നിവയിൽ ക്ലാസ്തല മത്സരം സംഘടിപ്പിക്കുന്നു.

* തൊഴിൽ സാധ്യത:- അറബി ഭാഷയും തൊഴിൽസാധ്യതകളും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. അറബിക് കാലിഗ്രാഫി, ട്രാൻസിലേഷൻ എന്നിവയിൽ വിദഗ്ദരെ പങ്കെടുപ്പിച്ച് കൊണ്ട് പരിശീലനക്കളരി സംഘടിപ്പിക്കുന്നു.

*ഏത് വിദ്യാഭ്യാസത്തിനും ഒരു ലക്ഷ്യം ഉണ്ടാവണം.*
*കാരണം വിദ്യാഭ്യാസമൊരിക്കലും ലക്ഷ്യമല്ല മാർഗ്ഗമാണ്.- സിബിൽ*

# അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

| തലം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 ആസ്വാദനതലം | 1. കവിതാലാപനം<br>2. നാടകം<br>3.സിനിമ<br>4. കാർട്ടൂൺ<br>5. മാപ്പിളപ്പാട്ട് | 3 മാസം | സി.ഡി<br>പ്രോജക്ടുകൾ | പി.ടി.എ | 5000 |
| 2. വിനിമയ തലം | 1. ക്ലാസ് തലവായന<br>2. ഗദ്യവായന<br>3. കവിതാ വായന<br>4. പുസ്തക ചർച്ച<br>5. വായനാനുഭവം<br>7. അടിക്കുറിപ്പ്<br>8. ഭാഷാദിനം<br>9. വിവർത്തനക്കളരി | 6 മാസം | ലൈബ്രറി<br>പുസ്തകം | ലൈബ്രറി | 5000 |
| 3. വിജ്ഞാനതലം | 1.കാലിഗ്രാഫിപഠനം<br>2. വിവർത്തനകേമ്പ്<br>3.സാഹിത്യസദസ്സ്<br>4 പത്രമാഗസിൻ തയ്യാറാക്കൽ<br>5. പ്രസംഗ പരിശീലനം<br>6. സംവാദ സദസ്സ് | 5 മാസം | പുസ്തകം<br>ചിത്രം<br>ഐ.ടി.ലാബ് | പി.ടി.എ<br>ഐ.ടി<br>സ്മാർട്ട് റൂം | 10000 |

# ഉർദു

# ഉർദു

ഇന്ത്യോ-ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിലൊന്നാണ് ഉർദു. അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന സംഗീത സുന്ദരഭാഷയായ ഉർദു ഗസലുകളുടേയും ഖവാലികളുടേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും അന്തർധാരയാണ്. സാഹിത്യ സമ്പന്നമായ ഈ ഭാഷ മിർസാ ഗാലിബിനെയും മുൻഷി പ്രേം ചന്ദിനേയും അല്ലാമാ മുഹമ്മദ് ഇഖ്ബാലിനെയും ലോകത്തിന് സംഭാവന ചെയ്തു. സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദ ര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടുക്കുന്ന ഭാഷയായാണ് ഉർദു അറി യപ്പെടുന്നത്.

ചിങ്ങപുരം സി.കെ.ജി.ഹയർസെക്കണ്ടറി സ്കൂളിൽ 8-ാം തരം മുതൽ 10-ാം തരം വരെ ഉർദു ഭാഷാപഠനത്തിനുള്ള സൗകര്യമാണ് ലഭ്യമായിട്ടുള്ളത്. കേരളത്തിലെ സ്കൂൾ തലത്തിൽ 12-ാം ക്ലാസ് വരെ ഉർദുപഠിക്കുവാനുള്ള അവസരം പലസ്കൂളുകളിലും ലഭ്യമാണെങ്കിലും ഞങ്ങളുടെ വിദ്യാലയത്തിൽ ഹയർ സെക്കണ്ടറി തലത്തിൽ ഉർദുപഠനസൗകര്യം ഇത് വരെയും ലഭ്യമായി ട്ടില്ല എന്നുള്ളത് വലിയ ഒരു പരിമിതിയായി മനസ്സിലാക്കുന്നു.

സി.കെ.ജി എം.ച്ച്.എസ്.എസ് ഉർദുപഠനവുമായി ബന്ധപ്പെട്ട് നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേ ശങ്ങളും സമർപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ**

- ഉർദുഭാഷാ പഠനവുമായി ബന്ധപ്പെട്ട് കുരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ട ങ്ങൾ എല്ലാ വിദ്യാർത്ഥികളും ആർജ്ജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാകുട്ടികളും 10-ാം ക്ലാസ് കഴിയുമ്പോഴേക്കും ഒഴുക്കോടെ വായി ക്കാനും കേട്ടെഴുതാനും ഉള്ളശേഷി ഉറപ്പാക്കുക.
- ഉർദു പഠിച്ച മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദുഭാഷ സംസാരിക്കാൻ കഴിയുന്ന രീതിയിൽ ഭാഷാ ശേഷി വളർത്തിയെടുക്കു ക.

- ഉർദുഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും, ആസ്വദിക്കാനുമുള്ള പരിശീലനം നേടുകയും കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാകാനുള്ള കഴിവുകൾ വളർത്തിയെടുക്കുക.
- ലോകഭാഷ എന്ന നിലയിൽ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനം രസകരമാക്കുകയും വിവിധ തൊഴിൽ സാധ്യതകൾ ലഭ്യമാക്കുകയും ചെയ്യുക.
- ഉറുദു ഭാഷാ ക്ലാസ് ആധുനിക സൗകര്യമുള്ള ഹൈടെക് ക്ലാസ് റൂമുകളാക്കി മാറ്റുക.
- ഹയർ സെക്കണ്ടറി തലത്തിലും ഉർദുഭാഷാ പഠനസൗകര്യം ലഭ്യമാക്കുക.
- വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഉർദു ഭാഷയെ പരിചയപ്പെടുത്തുകയും സാമന്യ അവബോധം ഉണ്ടാക്കുകയും ചെയ്യുക.
- ഗസലുകളെ കുറിച്ചും ഹിന്ദുസ്ഥാനി സംഗീതത്തെകുറിച്ചും കുട്ടികൾക്കും പൊതുസമൂഹത്തിനും അടുത്തറിയാനും ആസ്വദിക്കാനുമുള്ള അവസരം ലഭ്യമാക്കുക.

*സഹനശക്തിയാണ് വിജയത്തിന്റെ കാതൽ- എ.പി.ജെ. അബ്ദുൾ കലാം*

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംങ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഭാഷ കേൾപ്പിക്കൽ | ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ കഥകൾ, കവിതകൾ, ഗസലുകൾ, ഖവാലികൾ, സംഭാഷണങ്ങൾ, സിനിമകൾ, വാർത്തകൾ തുടങ്ങിയവ കേൾപ്പിക്കൽ, ഉർദുഭാഷ സംസാരിക്കുന്നവരുമായി അഭിമുഖം നടത്തുക. ഉർദു ഭാഷ സംസാരിക്കുന്ന സംസ്ഥാനങ്ങളിലേക്ക് പഠനയാത്ര നടത്തുക. | ജൂൺ ജൂലൈ ഡിസംബർ | സബ്ജക്ട് കൗൺസിൽ ഉർദു ക്ലബ് | എച്ച്.എം | 1000 |
| 2 | വായന | ബാലമാസികകൾ, ഉർദുപത്രങ്ങൾ, വായനാ കാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കുക. വായനാ മത്സരം നടത്തുക. ക്വിസ്, പദനിർമ്മാണം, ഗദ്യവായന, കഥപറയൽ, തുടങ്ങിയ മത്സരങ്ങൾ നടത്തുക., ക്ലാസ് ലൈബ്രറിയുടെ സഹായത്തോടെ അധിക വായനയ്ക്ക് അവസരം നൽകുക. | എല്ലാ മാസവും | സബ്കക്ട് കൗൺസിൽ ഉർദു ക്ലബ് | എച്ച്.എം എസ്. ആർ.ജി | 500 |
| 3 | എഴുത്ത് | ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് ലഭിക്കാൻ ക്ലാസ് കയ്യെഴുത് മാസിക, ചുമർ പത്രിക, പ്ലാകാർഡ് നിർമ്മാണം, വായനാ കാർഡ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക. കാലിഗ്രാഫിയിൽ കഴിവുള്ള ആളുകളെ പങ്കെടുപ്പിച്ച് കാലിഗ്രാഫിയിൽ പരിശീലനം നൽകുക. വിദ്യാലയ വാർത്തകൾ ഉൾപ്പെടുത്തി പത്രം തയ്യാറാക്കുക. | എല്ലാ മാസവും | സബ്കക്ട് കൗൺസിൽ ഉർദു ക്ലബ് | എച്ച്.എം. | 500 |
| 4 | പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | ഉർദു ഭാഷയിലെയും പൊതുവിലും വിജ്ഞാനം വർദ്ധിപ്പിക്കാൻ നോട്ടീസ് ബോർഡിൽ ഉർദുവിൽ ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കുക. ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘടിപ്പിക്കുക. ടാലന്റ് സർച്ച് എക്സാമിനുകൾ നടത്തുക. ഉർദു ഫെസ്റ്റുകളിൽ പങ്കെടുപ്പിക്കുക. ഉർദു സംസാരിക്കുന്നവരുമായി അഭിമുഖ സംഭാഷങ്ങൾ സംഘടിപ്പിക്കുക. പഠനയാത്ര സംഘടിപ്പിക്കുക. | എല്ലാ മാസവും | സബ്കക്ട് കൗൺസിൽ ഉർദു | എസ്. ആർ.ജി | 500 |

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | മോണിറ്ററിംങ് | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 5 | ഗസൽ | ഉർദുഗസലുകളെയും ഹിന്ദുസ്ഥാനി സംഗീതത്തെയും കുറിച്ച് അടുത്തറിയുന്നതിന് വേണ്ടി ഹസൽസന്ധ്യകളും മുശാഇറകളും സംഘടിപ്പിക്കുക. പാടാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി ഗസലുകളിൽ പരിശീലനം കൊടുക്കുക. ചെറിയ ചെറിയ കവിതകൾ ഉണ്ടാക്കി അവതരിപ്പിക്കാൻ അവസരം നൽകുക. മലയാളത്തിലെ ഗസലുകൾ കേൾക്കാനുള്ള അവസരം ഒരുക്കുക. | വർഷത്തിൽ ഒരിക്കൽ | ഉർദു ക്ലബ് സബ്ജക്റ്റ് കൗൺസിൽ | പി.ടി.എ എച്ച്.എം എസ്.ആർ.ജി | 1000 |
| 6 | സാഹിത്യ ക്യാമ്പ് | രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കാൻ വേണ്ടി കഥ, കവിത ഉപന്യാസം തുടങ്ങിയ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ച് ക്ലാസുകൾ നൽകുക. സാഹിത്യകാരന്മാരുമായി സംഭാഷണങ്ങൾ നടത്താനുള്ള സാഹചര്യം ഒരുക്കുക. | ഡിസംബർ | ഉർദു ക്ലബ് | എച്ച്.എം എസ്.ആർ.ജി | 1000 |
| 7 | പ്രസംഗമത്സരം | സദസിന് മുന്നിൽ സംസാരിക്കാനുള്ള കഴിവുകൾ ഉണ്ടാക്കിയെടുക്കുന്നതിന് വേണ്ടി പ്രസംഗത്തിൽ തൽപരരായ വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക. ദിനാചരണങ്ങളിലും അസംബ്ലികളിലും പ്രസംഗിക്കാൻ അവസരം ഉണ്ടാക്കുക. ഉർദുഫെസ്റ്റുകളിലും കലോത്സവങ്ങളിലും പ്രസംഗ മത്സരത്തിൽ പങ്കെടുക്കാൻ തയ്യാറാക്കുക. | എല്ലാ മാസത്തിലും | സബ്ജക്ട് കൗൺസിൽ ഉർദു ക്ലബ് | എച്ച്.എം | - |
| 8 | ലൈബ്രറി | സ്കൂൾ ലൈബ്രറിയിൽ ഉർദു പുസ്തകങ്ങൾ ലഭ്യമാക്കുക.ക്ലാസ് ലൈബ്രറികൾ കാര്യക്ഷമമാക്കുക, കഥ, കവിത, ബാലസാഹിത്യങ്ങൾ , പത്രങ്ങൾ തുടങ്ങിയവ സജ്ജമാക്കുക | ഒരു വർഷം | പി.ടി.എ സബ്ജക്ട് കൗൺസിൽ | പി.ടി.എ എച്ച്.എം | 5000 |
| 9 | ഡിജിറ്റൽ ലൈബ്രറി ഐ.സി.ടി | ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പഠനം രസകരവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടെ, കവിത ഗസലുകൾ, സംഘഗാനങ്ങൾ, കാർട്ടൂൺ, വീഡിയോ, ടെലിഫിലിമുകൾ, സിനിമകൾ, സംഭാഷണ വീഡിയോകൾ തുടങ്ങിയവ ശേഖരിച്ച് ഡിജിറ്റൽ ലൈബ്രറി സമ്പുഷ്ടമാക്കുക. ഉർദു കീബോർഡുകൾ പരിചയപ്പെടുത്തുക | ഒരു വർഷം | പി.ടി.എ മാനേജ്മെന്റ് | പി.ടി.എ എച്ച്.എം | 5000 |

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംങ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 10 | ഹൈടെക് ക്ലാസ് റൂം | ഹൈടെക് ക്ലാസ് ഒരുക്കുക, ചിത്രകഥകൾ ചാർട്ടുകൾ, സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, മഹദ്വചനങ്ങൾ പ്രധാന ഈരടികൾ, ചുവർ ചിത്രങ്ങൾ, തുടങ്ങിയവ ക്ലാസ്റും ചുമരുകളിൽ സജ്ജീകരിച്ച് ആകർഷമാക്കുക. | ഒരു വർഷം | പി.ടി.എ മാനേജ്മെന്റ് | പി. ടി.എ എച്ച്എം | 25000 |
| | | | | | | |

# സംസ്കൃതം

## സംസ്കൃതം

ഭാഷാ പഠനത്തെ മൂന്ന് തലങ്ങളായി വിഭജനം നടത്തിയാണ് ഈ അക്കാദമിക പ്ലാൻ തയ്യാറാക്കിയത്. ആസ്വാദനതലം, വിജ്ഞാനതലം, വിനിമയതലം, സംശയവും ഭയവുമില്ലാതെ ഭാഷകൈകാര്യം ചെയ്യുമ്പോഴാണ് ആശയവിനിമയ ശേഷി കൈവരുന്നത്. ഭാഷാ സമ്പന്നമായ ഒരു സംസ്കാരപഠനം കൂടിയാണ്. ആ പഠനം ചെന്നെത്തുന്നത് അനന്തമായ വൈജ്ഞാനിക ശേഖരത്തിലാണ്. ഭാഷാപഠനത്തിൽ അവഗണിക്കാനാവാത്ത ഘടകമാണ് ആസ്വാദനം. സിനിമയും നാടകവും, കവിതയും സർഗ്ഗാത്മക വികാസത്തിന്റെ ഭിന്ന രൂപങ്ങളാണ്.

ക്ലാസ് മുറിയിൽ ബോധന തന്ത്രങ്ങളും, രീതിശാസ്ത്രങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന പ്രതീക്ഷയോടെ ഈ അക്കാദമിക പ്ലാൻ സമർപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ**

* ആസ്വാദനം
* ലിപി പരിചയം
* തൊഴിൽ സാധ്യത
* ക്ലാസ്തല പത്രങ്ങൾ മാഗസിനുകൾ
* ഭാഷാ ദിനാചരണം
* പത്രമാഗസിൻ പരിചയം

*ഒരു കുട്ടി, ഒരു അധ്യാപിക, ഒരു പുസ്തകം, പിന്നെയൊരു പെന്ന് ഇവയ്ക്ക് ഈ ലോകം മാറ്റി മറിക്കാൻ സാധിക്കും- മലാല*

അക്കാദമിക മാസ്റ്റർ പ്ലാൻ ഷോർട്ട് ടേം സംസ്കൃതം

| കാരണങ്ങൾ | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ (സംസ്കൃതം) | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കാൻ അക്ഷരകാർഡ് നൽകൽ<br>അടയാളം ഉറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം കഥപറയൽ<br>ഭാഷാപരമായ പിന്നോക്കം നിൽക്കുന്ന വർക്ക് പ്രത്യേകം ക്ലാസ് | 2 മാസം | അക്ഷര കാർഡുകൾ<br>സി.ഡി<br>പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പി.ടി.എ<br>എസ്.സി.ഇ.ആർ.ടി | 2000 |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ. വായന മൂല, ക്ലാസ്, ലൈബ്രറി രൂപീകരിക്കൽ | | | | 2000 |
| വായനാ മത്സരം | | | | | |
| പുസ്തകോത്സവം | | | | | |
| മാഗസിൻ നിർമ്മാണം | സർഗ്ഗശേഷിയെ പരിപോഷിപ്പിക്കൽ | ലൈബ്രറി പുസ്തകങ്ങൾ | | ബി.ആർ.സി<br>ഡയറ്റ് | |
| സംസ്കൃത സിനിമ പ്രദർശനം , സംസ്കൃത ദിനപത്രം, (സുധർമ്മ പരിചയപ്പെടുത്തൽ) | സംസ്കൃത പ്രസംഗം | | | | 2000 |
| സംസ്കൃതദിനം ആചരിക്കൽ | | | | | |
| സംസ്കൃത അസംബ്ലി നടത്തുക | | | | | |

# English

**Preface**

On this energizing time of public education to raise to the international level, we discussed the probles faced in the process of English teaching learning. There have been positive changes in the profile of English classroom in Kerala. Still we have some issues in the class rooms. The main issues are lack of interest and lack of exposure in language learning process. Here we present 2017-18 academic master plan based on mainly these issues.

**AIMS**

1. Create interest in language
2. Resolving the language incompetency of students
3. To develop communicative skill
4. Elicifate the creative skill of students
5. Formation of language lab

**ACTIVITIES**

1. Language game
2. Seminar
3. Debate
4. Skit
5. Interview
6. Story listening competition
7. English corner
8. Pre-test
9. Remedial teaching
10. Refreshment class for teachers
11. Class Sabha in English
12. English Assembly
13. Mock Parliament
14. Stylishing hand writing
15. Releasing of digital magazine
16. Releasing of script Magazine
17. Acquainting the prominent English writers
18. Familiarising class books and magazines
19. Camp
20. Spoken English Class
21. Forming English Language lab

| No. | Programme | Activities | Duration | Support | Expense |
|---|---|---|---|---|---|
| 1 | **<u>Dear English</u>** Creating interest in English | 1.Languege games and other English activities Like Seminar, Debate, Skit, interview, Story, listening etc | Two periods monthly through out the year | Subject council | |
| | | 2. English Corner By using an area of general library create an English corner. Provides simple books on various subjects in English CDs Magazines and News papers | All through the academic year. Uses two days monthly to cheque and evaluate the by product of the use of the items in English corner After school time 4 to 4.30 pm | *English club *Subject Council *School management and PTA | 20000 |
| 2. | **<u>RAMP</u>** (Recreating And Motivating Programme) Resolving the language in one competency of students | 1.Pree-test 2. Remedial Teaching Uses the module prepared by subject council to uplift the language competency of the students | June 60 Hrs uses the three hours of two holidays in each month | SRG Subject Council PTA Staff Council | 20000 PTA Mana gement |
| 3 | Breaking shackles communicative skill in the language | 1. Refreashment class for teacher | July October | SRG Staff council | 10000 PTA |

| | | | | | |
|---|---|---|---|---|---|
| | | 2. Class Sabha in English | Three times in a year | Subject Council<br>Janathipathyavedi<br>Class Teachers | PTA |
| | | 3.Model Class Sabha<br>4.Model Seminar<br>5. Model Skit<br>6. Model debate | June - November | English club<br>Subject council | |
| | | . 7.Mock parliament integrated with social science club<br>8.Spoken English | English Club<br>SS Club<br>Subject Council | | |
| 4 | Elicitate Creative skill of students **<u>(Name spreaded wings)</u>** | **11.** 1.**Write in style**<br>Enhanced the students to write neatly and legibly use special module | All through the academic year | Subject council<br>PTA | 5000<br>PTA |
| | | 12. 2. Along with Akala Puzha<br>. Conducting one day camp on the river shore of Akala puzha fcusing on recitation, speech, story writing, poem writing, skit, cartoon etc | September<br><br>January | PTA<br>SRG<br>Staff Council<br>BRC<br>DIET | 20000<br>PTA<br>Mana gement |
| | | 14. 3,Releasing of digital and script Magazine<br>Exhibition of documentation of the camp | February | SRG<br>PTA<br>IT Club | |
| | | 15. 4. Aquaint the prominent writers and their works and leading magazine in English,<br>16. Integrated with Didyarangam Pusthakolsavam | September | English Club<br>Subject council<br>Vidyarangam | 500<br>PTA |

| | | | | | |
|---|---|---|---|---|---|
| 5. | Language lab | **17. <u>Components in a language lab</u>**<br>1.Teacher students console (computer with appropriate software for conducting, language exercises<br>2.Headsets for teachers and students<br>3. Students have media player/recorder \for listening to audio and recording speech<br>4.Teacher and students console are connected in via lab or audio cabling<br>5.Working for developing multi level ability. | 2020-2021 Adademic year | subject council Vidyarangam<br><br>School management staff council. PTA, IT department, DIET, BRC | 250000 PTA & Manage ment |

# ഹിന്ദി

ഒരു കുട്ടി അടിസ്ഥാനബോധത്തോടുകൂടിയുള്ള പഠനനിലവാരം ഉയർത്തിപിടിക്കുമ്പോളാണ് ഒരു വിദ്യർത്ഥിയും ഒരു വിദ്യാലയവും ഒരു സമൂഹവും രൂപപ്പെട്ടുവരുന്നത്. ഭാഷാർജ്ജനത്തെ അടിസ്ഥാന വിവരം, വിനിമയ തലം, ആസ്വാദനതലം എന്നിങ്ങനെ 3 മേഖലകളായി തരം തിരിച്ചിരിക്കുന്നു. ഇത്തരം ക്രിയാത്മകപരമായ ബോധനതലം ഉയരുമ്പോഴാണ് അക്കാദമിക് നിലവാരം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നത്.

**അക്കാദമിക് ലക്ഷ്യങ്ങൾ**

1. അടിസ്ഥാന ഭാഷാപഠനം
2. വായന
3. ലിപി പരിചയം
4. ക്ലാസ്തല മാഗസിനുകൾ
5. ഭാഷാ ദിനാചരണങ്ങൾ
6. രചയിതാക്കളെ പരിചയപ്പെടൽ
7. സാഹിത്യരചന ആസ്വാദനം
8. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്

*സ്വപ്നം കാണുക, ആ സ്വപ്നങ്ങളെക്കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക - എ.പി.ജെ. അബ്ദുൾ കലാം*

| പ്രോഗ്രാം | ആക്ടിവിറ്റി | കാലം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * പ്രീ ടെസ്റ്റ്<br>* അക്ഷരപഠനം<br>* വാക്കുകളുടെ പഠനം<br>* വാക്യ രചന<br>* കഥ പറയൽ<br>* കഥപറയൽ<br>* കഥാപൂരണം<br>* കഥാപുസ്തകംനൽകൽ<br>* ഭാഷാ പരമായി പിന്നാക്കം നിൽക്കുന്ന വർക്ക് പ്രത്യേക ക്ലാസ് | 3 മാസം<br><br>ആഗസ്റ്റ് സെപ്തംബർ | സി.ഡി<br>പുസ്തക ങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>എസ്.സി.ഇ. ആർ.ടി<br>പി.ടി.എ<br>ഐ.ഇ.ഡി ടീച്ചർ | 5000 |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക | * ക്ലാസ് ലൈബ്രറി രൂപീക രണം<br>* സ്കൂൾ ലൈബ്രറി നവീ കരിക്കൽ<br>* പത്രവായന<br>* ദിനാചരണങ്ങൾ<br>* ആനുകാലിക പ്രസിദ്ധീ കരണങ്ങളും വായനയും<br>* ഇ വായന<br>* വായനക്കൂട്ടം | 6 മാസം | ക്ലാസ് ലൈബ്രറി<br><br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാ ലിക പ്രസി ദ്ധീകരണ ങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>എസ്.സി.ഇ. ആർ.ടി<br>ഗ്രന്ഥശാല<br>പി.ടി.എ | 5000 |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | * എഴുത്ത്കൂട്ട് രൂപീക രണം<br>* പുസ്തക ചർച്ച<br>* ക്ലാസ് ലൈബ്രറി<br>* വിവിധ സാഹിത്യശാഖ കൾ പരിചയപ്പെടൽ<br>* മാഗസിൻ പതിപ്പ് തയ്യാ റാക്കൽ<br>* പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>* രചിതാക്കളെ പരിചയ പ്പെടൽ<br>സാഹിത്യസാംസ്കാരിക ചിത്രഗാലറി | ഒരു വർഷം | ലൈബ്രറി പുസ്തക ങ്ങൾ<br><br>ജീവചരിത്ര | ബി.ആർ.സി<br>ഡയറ്റ്<br>എസ്.സി.ഇ. | 5000 |

# മാനവിക വിഷയങ്ങൾ

## ആമുഖം

മാനവിക വിഷയവുമായി ബന്ധപ്പെട്ട പദ്ധതികളും പ്രവർത്ത നങ്ങളുമാണ് ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ചരിത്രം, ഭൂമിശാസ്ത്രം, കോമേഴ്സ്, സോഷ്യോളജി തുടങ്ങിയവ എട്ടു മുതൽ പന്ത്രണ്ട് വരെ ക്ലാസിൽ പഠിക്കുന്ന കുട്ടിയുടെ പഠനമികവ് മെച്ചപ്പെടുത്തലാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാനവിക വിഷയങ്ങളിൽ നമ്മുടെ നാട്ടിൽ വേണ്ടത്ര പ്രധാന്യം ലഭിക്കുന്നില്ല. ഈ അവസ്ഥ മറികടക്കാൻ നമുക്ക് കഴിയണം. മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ, അധ്യാ പകർ എന്നിവർ നേരിടുന്ന പ്രശ്നങ്ങളെ അക്കാദമിക് , ഭൗതികം, സാമൂഹികം എന്ന രീതിയിൽ വിശകലനം ചെയ്യുകയും അതിന്റെ പാശ്ചാത്തലത്തിൽ സോഷ്യൽസയൻസ് സബ്ജക്റ്റ് കൗൺസിൽ യോഗം ചേർന്ന് തയ്യാറാക്കിയ പദ്ധതിയുടെ രൂപരേഖ ഇതോടൊപ്പം ചേർക്കുന്നു.

*മനസാക്ഷിയെന്ന തീപ്പൊരി നിങ്ങളുടെ മനസ്സിൽ അണയാതെ സൂക്ഷിക്കുക.*
*വിജയത്തിന് അനുമതി - ജോർജ്ജ് വാഷിംങ്ടൺ*

**സാമൂഹ്യശാസ്ത്ര പഠന പ്രശ്നങ്ങൾ**

1. അക്കാദമികം
2. ഭൗതികം
3. സാമൂഹികം

**പ്രശ്ന വിശകലനങ്ങൾ**

| കാരണം | പരിഹാരനിർദ്ദേശം | പ്രവർത്തനം | സാമ്പത്തികം | കാലം |
|---|---|---|---|---|
| 1) മാനവിക വിഷയങ്ങളോടുള്ള താൽപര്യകുറവ് | സാമൂഹിക നന്മ കൾക്ക് വേണ്ടി പ്രവർത്തിക്കുന്ന മഹത് വ്യക്തികളെ പരിചയപ്പെടുത്തൽ (ദേശീയം, അന്തർദേശീയം പ്രാദേശികം) | *ക്ലാസ് ലൈബ്രറി പുസ്തക സമാഹരണം .*ഐ.ടി..സി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ സാധ്യമാക്കുക. * നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കണ്ടെത്തുക. | 50,000 പി.ടി.എ | മെയ് |
| 2.) സാമൂഹ്യ അവബോധം ഇല്ലായ്മ | * സ്കൂളുകളിൽ സ്കൗട്ട്, ഗൈഡ്സ്, ജെ.ആർ.സി, എൻ.എസ്.എസ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തൽ * ചരിത്രസ്മാരകങ്ങൾ, ശിലാഫലകങ്ങൾ തുടങ്ങിയവ സന്ദർശിക്കുക | * സോഷ്യൽ സയൻസ് ക്ലബ്, പരിസ്ഥിതി ക്ലബ്, കാർഷിക ക്ലബുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുക * ഗവൺമെന്റ് ഫണ്ടിന്റെ അപര്യാപ്തം, വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തെ ബാധിക്കുണ്ടെങ്കിലും പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തുക. * പ്രാദേശിക സർവ്വെ ചരിത്ര രേഖകളുടെ ശേഖരണം. | 20,000 പി.ടി.എ | മെയ് ജൂൺ |
| 3) പ്രാദേശിക ചരിത്രത്തെപറ്റിയുള്ള അറിവില്ലായ്മ | കേളപ്പജിയേയും , സി.കെ.ജിയേയും അറിയാനും , കണ്ടൽക്കാട്, കോട്ട, കാവുകൾ തുടങ്ങിയവ സന്ദർശിക്കൽ * | പ്രാദേശിക ഭൂപട നിർമ്മാണം * വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ട് പ്രാദേശിക ചരിത്ര സാംസ്കാരിക പൈതൃകം സംരക്ഷിക്കുക. | 5000 പി.ടി.എ മാനേജ്മെന്റ് | ആഗസ്റ്റ് |

| കാരണം | പരിഹാരനിർദ്ദേശം | പ്രവർത്തനം | സാമ്പത്തികം | കാലം |
|---|---|---|---|---|
| 4) വ്യാവസായിക മേഖലയെ പറ്റി യുള്ള, അതിൽ സംഭവിച്ച് കൊണ്ടി രിക്കുന്ന മാറ്റങ്ങളെ പ്പറ്റിയും അറിവി ല്ലായ്മ. | വ്യവസായിക മേഖ ലയെ പരിചയപ്പെടു ത്തുന്നതിന് വേണ്ടി സംരഭകത്വക്ലബുകൾ ഉപയോഗിപ്പെടുത്തുക. | * ഡി. ഐ സി യു മായി സഹകരിച്ച് വ്യാവസാ കിയ മേഖലയിൽ വിജയം കൊയ്ത വ്യക്തികളുമായി സംവാ ദങ്ങളും സെമിനാറു കളും സംഘടിപ്പിക്കുക. | 2000<br>പി.ടി.എ | ഓഗസ്റ്റ് |
| 5. വിവരസാങ്കേതിക വിദ്യയുടെ ഉപയോ ഗക്കുറവ് | * ക്ലാസ് മുറികൾ നൂതന പഠനപ്രവർത്ത നങ്ങൾക്ക് അനുയോ ജ്യമായ രീതിയിലല്ല.<br>* ഐ.സി.ടി അധി ഷ്ഠിത പഠനം പരിശീ ലന പ്രവർത്തനങ്ങ ളുടെ അപര്യാപ്ത | * ഇ-ലൈബ്രറി ഹൈടെക് ക്ലാസ് റൂമുകൾ ആക്കു ക.<br>* ഐ.സി.ടി അധിഷ്ഠിത പഠനപ്രവർത്തന ങ്ങൾക്ക് പരിശീലനം നൽകുക. | 50000<br>പി.ടി.എ<br>മാനേ ജ്മെന്റ് | ഓഗസ്റ്റ്<br>സെപ്തം ബർ |
| 6.പൊതുവിജ്ഞാന ത്തിലുള്ള കുറവ് | * വായനശാലയുടെ അഭാവം.<br>* പഠനപ്രവർത്ത നത്തെ നിത്യജീവിത വുമായി ബന്ധപ്പെടു ത്താൻ കഴിയുന്നില്ല.<br>* വ്യക്തിപരമായ പ്രശ്നങ്ങൾ | * പരീക്ഷകളിൽ പൊതു വിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തുക.<br>* ആഴ്ചയിലൊരിക്കലെ ങ്കിലും സിവിൽ സർവ്വീ സ്, യു.പി.എസ്.എ, പി. എസ്.സി തുടങ്ങിയ മത്സരപരീക്ഷകളിൽ കുട്ടികളെ സജ്ജമാക്കു ക.<br>* കരിയർ ഗൈഡൻസ് ക്ലബുകൾ സംഘടിപ്പി ക്കുക. | 25000<br>പി.ടി.എ | സെപ്തം ബർ<br>ഒക്ടോ ബർം |
| 7. സാമൂഹ്യസാമ്പ ത്തിക മേഖലയി ലുള്ള അറിവി ല്ലായ്മ | സാമൂഹ്യസാമ്പത്തിക മേഖലയിൽ സംഭവിച്ച് കൊണ്ടിരിക്കുന്ന നൂതന മാറ്റങ്ങൾ (ജി. എസ്.ടി, എൽ.പി.ജി) കുട്ടികളിൽ എത്തി ക്കാൻ വേണ്ടി സെമി നാറുകൾ, ഡി ബേങ്ക് തുടങ്ങിയവ സംഘടി പ്പിക്കുക. | * സോഷ്യൽ സയൻസ് ക്ലബുകൾ വിവിധ സംര ഭകത്വക്ലബുകൾ എന്നിവ യുടെ പ്രവർത്തനങ്ങൾ സജീവമാക്കുക, | | |

| കാരണം | പരിഹാരനിർദ്ദേശം | പ്രവർത്തനം | സാമ്പത്തികം | കാലം |
|---|---|---|---|---|
| 8. ചരിത്രബോധമില്ലായ്മ | * സ്കൂളുകളിൽ ദിനാചരണങ്ങൾ നടത്തുക<br>* പ്രദേശിക ഫണ്ട് ഉപയോഗിച്ച് കൊണ്ട് സ്കൂൾ ലൈബ്രറി നവീകരണം<br>* സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കൊണ്ട് ഇന്ന് ജീവിച്ചിരിക്കുന്ന മഹത് വ്യക്തികളെ കണ്ടെത്തുകയും ആദരിക്കുകയും ആശയസംവാദവും നടത്തുക | സമരചരിത്രവുമായി ബന്ധപ്പെട്ട സിനിമാ പ്രദർശനങ്ങൾ, ചിത്രപ്രദർശനം, ഹ്യസ്വചിത്ര നിർമ്മാണം, ഫിലിം ക്ലബിന്റെ സഹായത്തോടെ | 5000<br>പി.ടി.എ | ഒക്ടോബർ ഡിസംബർ |
| | | | | |
| | | | | |

# അടിസ്ഥാനശാസ്ത്രം

# അടിസ്ഥാന ശാസ്ത്രം

മനുഷ്യൻ ഇന്ന് വരെ നേടിയ അനുഭവങ്ങളുടെ ആക തുകയാണ് ശാസ്ത്രം എന്ന് പറയാം. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്. യുക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും സമഗ്രമായ വിശകലനം നടത്തുകയും ചെയ്യുന്നതിലൂടെ കാര്യകാരണവിചാരം ഫലപ്രാപ്തിയിൽ എത്തുന്നു. ഇതാണ് ശാസ്ത്രപഠനരീതി. ഈ രീതി സ്വായത്തമാക്കി. സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും നില നിൽക്കില്ല.

ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രായോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതുകൊണ്ട് തന്നെ ഊർജത്തെക്കുറിച്ചും, പദാർത്ഥങ്ങലെ ക്കുറിച്ചും, ജീവികളെക്കുറിച്ചുമൊക്കെയുള്ള വിവരശേഖരണം മാത്രമായി ശാസ്ത്ര പഠനം ഒതുങ്ങരുത്. അതിനുമപ്പുറം ശാസ്ത്രപഠനത്തിന് വിശാലമായ ലക്ഷ്യങ്ങളു ണ്ട്.

**ശാസ്ത്ര പഠനം പ്രശ്നങ്ങൾ**

**അക്കാദമികം**

1. എല്ലാ കുട്ടികളിലും ശാസ്ത്രാവബോധം സൃഷ്ടിക്കാൻ കഴിയാത്ത അവസ്ഥ.
2. കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങൾ ചെയ്ത് നിഗമനം രൂപപ്പെടുത്തി കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയാത്ത അവസ്ഥ.
3. ആനുകാലികമായി സംഭവിക്കുന്ന ശാസ്ത്രനേട്ടങ്ങൾ അപ്പപ്പോൾ മനസ്സിലാക്കാൻ കഴിയുന്നില്ല
4. 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശി ക്കുന്ന ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
5. പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.

**ഭൗതികം**

1. ക്ലാസ് മുറികൾ ശാസ്ത്രപഠനം സുഗമമാക്കുന്നതിന് അനുയോജ്യമല്ല.
2. 1 മുതൽ 10 വരെ ക്ലാസിലെ കുട്ടികളുടെ ശാസ്ത്രപഠനത്തിന് ഉതകുന്ന രീതിയി ലുള്ള ലാബ് സൗകര്യം ഇല്ല.
3. ഐ.സി.ടി അധിഷ്ഠിത പഠനാത്തിനാവശ്യമായ സ്മാർട് ക്ലാസുകളുടെ അഭാവം.

**സാമൂഹികം**

1. ശാസ്ത്രനേട്ടങ്ങൾ സാമൂഹിക നന്മയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
2. ശാസ്ത്രപഠനത്തിന് ഉതകുന്ന സഹായകമായ പ്രാദേശിക സാധ്യതകളും വിഭവങ്ങഴും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
3. സമൂഹത്തിൽ നിലവിൽക്കുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പൂർണ്ണ മായും ദുരീകരിക്കാൻ ശാസ്ത്രപഠനം കൊണ്ട് കഴിയുന്നില്ല.

പ്രശ്ന വിശകലനം

മേഖല- അക്കാദമികം, ഭൗതികം, സാമൂഹികം

പ്രശ്നം:

1. എല്ലാ കുട്ടികളിലും ശാസ്ത്രാവബോധം സൃഷ്ടിക്കാൻ കഴിയാത്ത അവസ്ഥ.
2. കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങൾ ചെയ്ത് നിഗമനം രൂപപ്പെടുത്താൻ കഴിയുന്നില്ല.

| | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം (പദ്ധതി) |
|---|---|---|---|
| കുട്ടികൾ | • പഠനാനുഭവങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല.<br>• ആശയങ്ങൾ പ്രയോഗികമായി ബോധ്യപ്പെടുന്നില്ല.<br>• സ്വയം പഠനത്തിന് അവസരം കുറവ്<br>• പ്രഭാത ഭക്ഷണം കഴിക്കാതെ ക്ലാസിൽ ഇരിക്കുന്നു.<br>• വിഷയത്തോടുള്ള താൽപര്യമില്ലായ്മ<br>• പരീക്ഷണങ്ങൾ സ്വയം ചെയ്യാൻ അവസരം ലഭിക്കുന്നില്ല.<br>• പ്രധാനശാസ്ത്രജ്ഞർ, ശാസ്ത്ര ദിനങ്ങൾ എന്നിവയെ കുറിച്ച് അറിവില്ല.<br>• ശാസ്ത്രതത്വങ്ങൾ എല്ലാവർക്കും മനസ്സിൽ പതിയുന്ന രീതിയിലുള്ള പഠനാനുഭവങ്ങൾ ലഭിക്കുന്നില്ല.<br>• ശാസ്ത്രവുമായി ബന്ധപ്പെട്ട ഗണിത ശാസ്ത്രപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ കഴിയുന്നില്ല.<br>• ആനുകാലികമായുള്ള ശാസ്ത്ര പുരോഗതികളെകുറിച്ച് അറിവില്ലായ്മ<br>• അതിസങ്കീർണ്ണമായ പരീക്ഷണങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കാൻ കഴിയുന്നില്ല. | • വർഷാരംഭത്തിൽ ഓരോ ക്ലാസിലും പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നില നിർണ്ണയിക്കുക. താഴ്ന്ന ക്ലാസിലെ അറിവ് ലഭിക്കാത്തവർക്ക് പരിഹാര ബോധനം .<br>• ഓരോ ക്ലാസിലും പിയർ ഗ്രൂപ്പുകൾ നിർമ്മിക്കുക.<br>• പിയർ ലീഡർമാരെ ഉപയോഗിച്ച് ഒഴിവു പിരിയഡുകളിൽ താഴ്ന്ന നിലവാരത്തിലുള്ളവർക്ക് ആശയങ്ങൾ എത്തിക്കുക.<br>• എല്ലാ ക്ലാസ് മുറികളിലും സ്വയംപഠനം, സംഘപഠനം, ഐസിടി എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക.<br>• ഗ്രൂപ്പുകളുമായി ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രകുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുക.<br>• ശാസ്ത്രദിനങ്ങൾ വിപുലമായ രീതിയിൽ സ്കൂളിൽ ആചരിക്കുക.<br>• ക്ലാസിൽ വെച്ച് തന്നെ പരീക്ഷണങ്ങൾ ചെയ്യാൻ പറ്റുന്ന രീതിയിൽ മൈക്രോലാബുകൾ സജ്ജീകരിക്കുക.<br>• സെമിനാറുകളും ഡെമോൺസെട്രേഷൻ ക്ലാസുകളും സംഘടിപ്പിക്കുക.<br>• എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി പ്രൈമറി കുട്ടികൾക്ക് ലഘുപരീക്ഷണങ്ങൾ ചെയ്ത് കാണിച്ച് കൊടുക്കുക. | പ്രീ ടെസ്റ്റ്<br>പരിഹാര ബോധനം<br>പിയർ ഗ്രൂപ്പ്<br>ഗ്രൂപ്പ് ലീഡർ<br>ഹൈടെക് ക്ലാസ്<br>ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് നിർമ്മാണം<br>ശാസ്ത്രദിനാചരണം<br>മൈക്രോ ലാബ്<br>സെമിനാറുകൾ<br>ഡെമോൺസ്ട്രേഷൻ ക്ലാസ്<br>ലഘു പരീക്ഷണ പ്രദർശനം |

| കാരണങ്ങൾ | | പരിഹാര നിർദ്ദേശം | പ്രവർത്തനം (പദ്ധതി) |
|---|---|---|---|
| അധ്യാപകർ | • വ്യത്യസ്ഥ നിലവാരത്തിലുള്ള കുട്ടികളെ ഒരേ സമയം കൈകാര്യം ചെയ്യാനുള്ള ബുദ്ധിമുട്ട്.<br>• ഭൗതിക സാഹചര്യങ്ങൾ -അപര്യാപ്തത<br>• വ്യത്യസ്ഥ നിലവാരത്തിലുള്ള കുട്ടികളെ പരിഗണിച്ച് കൊണ്ട് പഠനാനുഭവങ്ങൾ നൽകാനുള്ള സമയക്കുറവ്<br>• ആധുനിക നിരന്തര മൂല്യനിർണ്ണയോപാധികൾ പ്രായോഗികമാക്കുന്നതിലെ വൈഷമ്യങ്ങൾ | • കുട്ടികൾ പൂർണ്ണമായും പങ്കെടുക്കുന്ന പഠനോപകരണ നിർമ്മാണ ശിൽപശാലകൾ സംഘടിപ്പിക്കുക.<br>വിവിധ തരത്തിലുള്ള പഠനചാർട്ടുകൾ നിർമ്മിച്ച് ക്ലാസ് റൂം അലങ്കരിക്കുക.<br>• ഗണിത അധ്യാപകരുടെ സഹായത്തോടെ അടിസ്ഥാന ഗണിതശാസ്ത്രക്രിയകൾ ആർജ്ജിക്കാത്തവരെ പരിശീലിപ്പിക്കുക.<br>• സ്കൂൾ ലൈബ്രറിയിലും സയൻസ് ലൈബ്രറിയിലും ആനുകാലിക ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ, ബുള്ളറ്റിൻ ബോർഡ് എന്നിവ ഒരുക്കുക.<br>• ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളുടെ (സിമന്റ്, ഗ്ലാസ്, ചായങ്ങൾ) നിർമ്മാണം മനസ്സിലാക്കാൻ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>• അധ്യാപകർക്ക് ഐ.സി.ടി പരിശീലനം ലഭ്യമാക്കുക.<br>• എല്ലാ ക്ലാസ് റൂം ഹൈടെക് ആക്കുക. | പഠനോപകരണ നിർമ്മാണ ശിൽപശാല<br><br>ചാർട്ട് നിർമ്മാണം<br><br>അടിസ്ഥാന ഗണിത ക്രിയാ പഠനം<br><br>സയൻസ് ലൈബ്രറി ബുള്ളറ്റിൻ ബോർഡ്<br><br>ഫീൽഡ് ട്രിപ്പ് |
| രക്ഷിതാക്കൾ | • കുട്ടിയുടെ പഠനനിലവാരം വിലയിരുത്താനോ മാർഗ്ഗനിർദ്ദേശം നൽകാനോ കഴിയുന്നില്ല.<br>• വീടുകളിൽ പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിനെ പറ്റി -അറിവില്ലായ്മ.<br>• സ്കൂളുമായി ബന്ധപ്പെടാനുള്ള സമയക്കുറവ്<br>• രാവിലെ ഭക്ഷണം വേണ്ട രീതിയിൽ കൊടുക്കാൻ കഴിയുന്നില്ല. | • മേളകൾ ഒഴിവ് ദിവസത്തേക്ക് മാറ്റുക.<br>• ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പാഠ്യപദ്ധതി ആവശ്യപ്പെടുന്ന അത്രയും ദിനങ്ങൾ കുട്ടികൾക്ക് ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുക.<br>• അധ്യാപകരെ ക്ലറിക്കൽ ജോലികൾക്കും മറ്റു ഉപയോഗിക്കുന്ന രീതി ഒഴിവാക്കുക.<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.<br>• സി.പി.ടി.എ, എം.പി.ടി.എ ഇവ ശക്തിപ്പെടുത്തുക.<br>• വർഷാരംഭത്തിൽ ക്ലാസിലെ മുഴുവൻ കുട്ടികളുടെയും വീടുകൾ ക്ലാസധ്യാപകർ സന്ദർശനം നടത്തുക. | ഗൃഹസന്ദർശനം |

## പ്രവർത്തന (പദ്ധതി) വിശകലനം

1. **പ്രീടെസ്റ്റ്:** താഴ്ന്ന ക്ലാസുകളിൽ കൈവരിക്കേണ്ട അടിസ്ഥാന ആശയങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്ന പദ്ധതിയാണിത്. ജൂൺ ആദ്യവാര ത്തിൽ തന്നെ ഓരോ ക്ലാസിലും പരീക്ഷ നടത്തുന്നു. ഇതിന്റെ മൂല്യനിർണ്ണയം നടത്തി കുട്ടികളുടെ നില നിർണ്ണയിക്കുന്നു. ഇതിന്റെ മാർക്ക് വിശകലനം ചെയ്യാൻ ക്ലാസ് പി.ടി.എ വിളിച്ച് ചേർക്കുന്നു. താഴ്ന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് പരിഹാരബോ ധത്തിന് ആവശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

2. **പിയർ ഗ്രൂപ്പ് പഠനം**

   നിലവിലുള്ള ക്ലാസുകളിൽ നേടിയിരിക്കേണ്ട ആശയം എല്ലാവർക്കും ലഭ്യമാക്കുക എന്ന ഉദ്ദേശമാണ് ഈ പദ്ധതിക്ക്.

   പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ ലീഡർ ആക്കികൊണ്ട് ക്ലാസിനെ അഞ്ചോ ആറോ ഗ്രൂപ്പാക്കി തിരിക്കുന്നു. വിഷയാധ്യാപകർ ലീഡർമാർക്ക് ആശയങ്ങൾകൈമാറുന്നു. ഗ്രൂപ്പ് ലീഡർമാർ ഒഴിവ് സമയങ്ങളിലും വൈകുന്നേരവും ഇത് ഗ്രൂപ്പംഗങ്ങളിൽ വിനിമയം ചെയ്യുന്നു.

3. ശാസ്ത്രജ്ഞരുടെ ജീവചരിത്രം രൂപീകരണം

   മനുഷ്യരാശി ആർജ്ജിച്ച ശാസ്ത്രനേട്ടങ്ങൾ കണ്ടെത്തിയ ശാസ്ത്രജ്ഞരുടെ ജീവ ചരിത്രം മനസ്സിലാക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ ശാസ്ത്രമനോഭാവനും ശാസ്ത്ര രീതിയും വളരാൻ സഹായകമാവുന്നു. ഇതിനായി ഗ്രൂപ്പുകളിൽ വിവിധ ശാസ്ത്ര ജ്ഞരെപറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ചാർട്ട് പ്രദർശനവും ജീവചരിത്രക്കുറിപ്പ് അവതരണവും നടത്തുന്നു.

4. **ശാസ്ത്രദിനാചരണം**

   വിവിധ ശാസ്ത്രദിനങ്ങൾ സ്കൂൾ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ വിപുലമായ ആചരിക്കുന്നു. ഇത് വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്താൻ സഹായിക്കു ന്നു.

5. **മൈക്രോ ലാബ്**

   പാഠഭാഗത്തെ വിവിധ പരീക്ഷണങ്ങൾ ചെയ്യാൻ വിവിധ ക്ലാസുകളെ സ്കൂൾ സയൻസ് ലാബിൽ എത്തിക്കുക എന്നത് സയൻസ് അധ്യാപകരെ സംബന്ധിച്ച് അസാ ധ്യമാണ്. (കാരണം- സമയപരിമിതി, ലാബിന്റെ സൗകര്യക്കുറവ്) ഇത് പരിഹരിക്കാൻ അത്യാവശ്യം വേണ്ട പരീക്ഷണ വസ്തുക്കൾ ഒരു ബോക്സിലാക്കി അധ്യാപകൻ ക്ലാസിൽ സജ്ജീകരിക്കുന്ന ആശയമാണ് മൈക്രോലാബ്.

6. **സെമിനാറുകൾ, ഡെമോൺസ്ട്രേഷൻ ക്ലാസ്**

   പാഠഭാഗത്തുള്ള ഹാർഡ്സ്പോട്ട് വിശദീകരിക്കാൻ സബ്ജക്ട് എക്സപേർട്ട് റിസോഴ്സ് ടീച്ചർ എന്നിവരെ വിളിച്ച് ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കു ക.

7. ലഘുപരീക്ഷണ പ്രദർശനം

   പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികളുടെ ശാസ്ത്രബോധം വളർത്താൻ വേണ്ടി

യുള്ള പദ്ധതിയാണിത്. ഹയർ സെക്കന്ററി ഹൈസ്കൂൾ ക്ലാസുകളിലെ സമർത്ഥരായ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ ചെയ്തു കാണിക്കുകയും വിശദീകരിക്കുകയും ചെയ്യുക.

8. **പഠനോപകരണ നിർമ്മാണ ശിൽപശാല**

കുട്ടികളിൽ അറിവ് രൂപപ്പെടുന്നത് വൈവിധ്യമാർന്ന രീതിയിലൂടെയാണ്. എല്ലാ കുട്ടികളെയും പരിഗണിക്കുന്ന പഠനരീതിയിൽ പഠനഉപകരണങ്ങളുടെ പ്രാധാന്യം ഏറെയാണ്. ഓരോ യൂണിറ്റിലേക്കും ആവശ്യമായ നിർമ്മിക്കാൻ കഴിയുന്ന തരത്തിലുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവ നിർമ്മിക്കാനാവശ്യമായ സാധനങ്ങൾ ശേഖരിക്കുക. നിർമ്മാണത്തിന് വിദഗ്ദരുടേയും അധ്യാപകരുടേയും പങ്കാളിത്തം ഉറപ്പാക്കുക. രക്ഷിതാക്കൾ, പൂർവ്വാധ്യാപകർ എന്നിവരുടെ സഹായം തേടാം. ഉണ്ടാകുന്ന ഉപകരണങ്ങൾ ഫലപ്രദമായി ക്ലാസ് മുറിയിൽ വിനിമയം ചെയ്യാനും, ശാസ്ത്രത്തിൽ പ്രഗത്ഭരായ ഒരു തലമുറയെ വാർത്തെടുക്കാനും ഈ പദ്ധതിക്കു കഴിയും.

9. **സയൻസ് ലൈബ്രറി**

എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി അത്യാവശ്യമാണ്. അതിൽ ശാസ്ത്രപുസ്തകങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുക. ഈ പുസ്തകങ്ങൾ റഫർ ചെയ്തും വായിച്ചും ശാസ്ത്രത്തിന്റെ അത്ഭുതവും വിശാലവുമായ ലോകത്തെക്കുറിച്ച് കുട്ടികളിൽ ധാരണ രൂപപ്പെടണം.

10. **ചാർട്ട് നിർമ്മാണം**

വിവിധ ശാസ്ത്രവിഷയങ്ങളിലെ സങ്കീർണ്ണായ പ്രവർത്തനങ്ങളുടേയും ഫ്ളോഡയഗ്രങ്ങളുടേയും ഘട്ടങ്ങളും , മോഡലുകളും ആകർഷകമാകുന്ന രീതിയിൽ ചാർട്ടിൽ രൂപ്പെടുത്തി ക്ലാസ് മുറിയുടെ ചുമരിൽ ചിത്രപ്രദർശനം പോലെ ക്രമീകരിക്കുക.

11. **അടിസ്ഥാന ഗണിതം ക്രിയാപഠനം**

ശാസ്ത്ര വിഷയങ്ങളിലെ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാൻ ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്രയാസം അനുഭവപ്പെടാറുണ്ട്. ഇത് പരിഹരിക്കാൻ അടിസ്ഥാന ഗണിത ക്രിയകൾ പരിശീലിപ്പിക്കാനുള്ള പഠനക്ലാസുകൾ സ്കൂളിലെ ഗണിത അധ്യാപകരുടെ സഹായത്തോടെ നടപ്പിലാക്കുക.

12. **ഫീൽഡ് ട്രിപ്പ്**

പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ വിദ്യാലയത്തിന് സമീപത്തുള്ള വിവിധ ആവാസ വ്യവസ്ഥകൾ സന്ദർശനം നടത്തുക, കൂടാതെ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വിവിധതരം വ്യാവസായിക ഉൽപ്പന്നങ്ങൾ (സിമന്റ്, ഗ്ലാസ്, ചായങ്ങൾ) നിർമ്മാണം മനസ്സിലാക്കാൻ ഇത്തരം വ്യവസായ ശാലകൾ സന്ദർശനം നടത്തുക.

13. **ഗൃഹസന്ദർശനം**

പഠനപിന്നോക്കാവസ്ഥയ്ക്ക് പലപ്പോഴും കാരണമാകുന്നത് കുട്ടികൾ ശാരീരികവും മാനസികവുമായി നേരിടുന്ന പ്രശ്നങ്ങളാണ്. കുട്ടിയുടെ സാമൂഹിക സാമ്പത്തിക ചുറ്റുപാട് മനസ്സിലാക്കുക എന്ന ഉദ്ദേശത്തോടെ ജൂൺ മാസത്തിൽ തന്നെ ക്ലാസിലെ മുഴുവൻ കുട്ടികളുടെയും വീട് ക്ലാസ് അധ്യാപകർ ഉൾപ്പെട്ട ടീം സന്ദർശനം നടത്തി ഓരോ കുട്ടിയുടേയും വിവരങ്ങൾ റിക്കാർഡ് ചെയ്തു സൂക്ഷിക്കുക.

**വിവിധ പദ്ധതികളും ചുമതലകളും**

പ്രവർത്തനം -1 : പ്രീ ടെസ്റ്റ് പരിഹരബോധനം

ലക്ഷ്യം എല്ലാ കുട്ടികൾക്കും സയൻസിലെ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രീ ടെസ്റ്റ് ചോദ്യപേപ്പർ നിർമ്മാണം | വിഷയസമിതി | മെയ് | 10000 | പി.ടി.എ |
| പ്രീ ടെസ്റ്റ് നടത്തൽ | വിഷയസമിതി | ജൂൺ ആദ്യവാരം | ഇല്ല | മലയാളം |
| മൂല്യ നിർണ്ണയം | വിഷയസമിതി | ജൂൺ | | |
| പരിഹാരബോധന മൊഡ്യൂൾ തയ്യാറാക്കൽ | വിഷയസമിതി | ജൂൺ | | |
| പരിഹാരബോധനം | വിഷയസമിതി | ജൂലൈ | 2000<br>2000 | പി.ടി.എ<br>പി.ടി.എ |

**പ്രവർത്തനം -2** : പിയർ ഗ്രൂപ്പ് പഠനം

ലക്ഷ്യം: **എല്ലാ കുട്ടികൾക്കും സയൻസിലെ അടിസ്ഥാന ആശയങ്ങൾ കൈവരിക്കാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഗ്രൂപ്പ് രൂപീകരണം | വിഷയസമിതി | ജൂൺ അവസാന വാരം | - | - |
| ഗ്രൂപ്പ് ലീഡർമാർക്ക് ക്ലാസ് | വിഷയസമിതി | | | |
| ഗ്രൂപ്പ് ലീഡർമാർക്ക് ക്ലാസ് | മേൽനോട്ടം വിഷയ സമിതി | ജൂലൈ | | |
| ഗ്രൂപ്പ് ലീഡർമാർ ക്ലാസ് നടത്തുന്നു | സ്കൂൾ എസ്.ആർ.ജി ഗ്രൂപ്പ് | ജൂലൈ മുതൽ | | |

**പ്രവർത്തനം -3** : ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം തയ്യാറാക്കൽ

ലക്ഷ്യം: **കുട്ടികളിൽ ശാസ്ത്രബോധം വളരാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഗ്രൂപ്പ് രൂപീകരണം | വിഷയസമിതി | ജൂലൈ | 5000 | പി.ടി.എ |
| വിവരശേഖരണം | വിവിധ ഗ്രൂപ്പുകൾ വിഷയസമിതി | ആഗസ്റ്റ് സെപ്തംബർ | | പി.ടിഎ |
| ചാർട്ട് പ്രദർശനവും കുറിപ്പ് അവതരണവും | ഗ്രൂപ്പുകൾ | സെപ്ത്ംബർ | 2500 | |

**പ്രവർത്തനം -4 :** വിവിധ ശാസ്ത്രദിനാചരണം

ലക്ഷ്യം: **കുട്ടികളിൽ ശാസ്ത്രബോധം വളരാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിവിധ ശാസ്ത്രദിനങ്ങൾ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കൽ, പരിപാടി ആസൂത്രണം | വിഷയ സമിതി<br>വിഷയ സമിതി എസ്.ആർ.ജി | ജൂൺ<br>അതത് ദിനങ്ങൾക്ക് തൊട്ട് മുൻപുള്ള മാസം | 2000 | പി.ടിഎ |

**പ്രവർത്തനം -5 :** മൈക്രോലാബ് , **6-** സെമിനാർ ഡെമോൺ സ്ട്രേഷൻ ക്ലാസ്

ലക്ഷ്യം: **കരിക്കുലം വിഭാവനം ചെയ്ത ആശയങ്ങൾ കൈവരിക്കൽ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പരീക്ഷണ സാമഗ്രികളടങ്ങിയ കിറ്റ് ശേഖരിക്കുക.<br>ചെയ്യാൻ പറ്റുന്ന പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കപക.<br>സെമിനാർ നടത്തിപ്പിനാവശ്യമായ വിദഗ്ധരെ സംഘടിപ്പിക്കുക<br>ക്ലാസുകൾ സംഘടിപ്പിക്കുക | വിഷയ സമിതി<br>വിഷയ സമിതി<br>വിഷയ സമിതി എസ്.ആർ.ജി<br>വിഷയ സമിതി | ഓരോ മാസവും<br>പാഠഭാഗങ്ങൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന മാസം | 15000<br>2000 | മാനേജ്മെന്റ്<br>പി.ടിഎ<br>പി.ടിഎ |

**പ്രവർത്തനം -7 :** ലഘുപരീക്ഷണ പ്രദർശനം

ലക്ഷ്യം: **സയൻസിലെ അടിസ്ഥാനാശയങ്ങൾ കൈവരിക്കാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എച്ച്.എസ്.എസ്, എച്ച്.എസ് വിഭാഗത്തിലെ വിശദാംശത്തിലെ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തുക.<br>ലഘുപരീക്ഷണത്തിന്റെ പ്രൊസിജിയർ എഴുതി തയ്യാറാക്കുക - നിഗമനം കണ്ടെത്തുക. ആവശ്യമായ ഉപകരണങ്ങൾ കലക്റ്റ് ചെയ്യുക.<br>നടത്തേണ്ട സമയം നിശ്ചയിക്കുക, ക്ലാസ് സംഘടിപ്പിക്കുക | എസ്.ആർ.ജി<br>വിഷയ സമിതി<br>സ്റ്റുഡന്റ് ഗ്രൂപ്പ്<br>വിഷയസമിതി<br>സ്റ്റുഡന്റ് ഗ്രൂപ്പ് | ഒക്ടോബർ<br>നവംബർ<br>നവംബർ<br>അവസാനം | 1000<br>1000 | പി.ടിഎ<br>പി.ടിഎ |

**പ്രവർത്തനം -8** : പഠനോപകരണ നിർമ്മാണ ശിൽപശാല

ലക്ഷ്യം: **ശാസ്ത്ര പഠനത്തിലെ വിരസത ഒഴിവാക്കി കുട്ടികളിൽ താൽപര്യം ഉണ്ടാക്കാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഓരോ പാഠഭാഗത്തിലെയും ആശയങ്ങളുമായി ബന്ധപ്പെട്ട പഠനഉപകരണങ്ങൾ പട്ടികപ്പെടുത്തുക.<br>സമയം കണ്ടെത്തുക.<br>വിദഗ്ധരെ കണ്ടെത്തുക<br>ആവശ്യമായ രേഖകൾ ശേഖരിക്കുക<br>പഠന ഉപകരണങ്ങൾ നിർമ്മിക്കുക | വിഷയ സമിതി<br>വിഷയ സമിതി<br>സബ് കൺവീനർ<br>വിഷയ സമിതി കൺവീനർ | മെയ് ആദ്യ വാരം<br>മെയ് രണ്ടാം വാരം<br>മെയ് രണ്ടാം വാരം | 2000 | പി.ടിഎ |

**പ്രവർത്തനം -9** : സയൻസ് ലൈബ്രറി

ലക്ഷ്യം: **കുട്ടികളിൽ വായനശീലം വളർത്താൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശാസ്ത്ര പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കുക. | വിഷയ സമിതി | ജൂലൈ | | |
| ശാസ്ത്രക്ലബിലെ അംഗങ്ങളെ ഉപയോഗിച്ച് പുസ്തകം സമാഹരിക്കുക. | വിഷയ സമിതി സബ് കൺവീനർ | ജൂലൈ | 25000 | പി.ടിഎ |
| ആവശ്യമായ ഫർണിച്ചറുകൾ ഒരുക്കുക.<br>ലൈബ്രറി തയ്യാറാക്കുക. | ക്ലബ് കൺവീനർ | ജൂലൈ | 20000 | പി.ടിഎ |

**പ്രവർത്തനം -10** :ചാർട്ട് നിർമ്മാണം

ലക്ഷ്യം: **ശാസ്ത്രപഠനം രസകരമാക്കാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പാഠഭാഗത്തിലെ ചാർട്ട് നിർമ്മിക്കാനുദ്ദേശിക്കുന്ന ഭാഗങ്ങൾ പട്ടികപ്പെടുത്തുക.<br>ആവശ്യമായ ചാർട്ട് മറ്റ് വസ്തുക്കൾ കലക്ട് ചെയ്യുക | വിഷയ സമിതി കൺവീനർ<br>ക്ലബ് കൺവീനർ | ജൂലൈ<br>ജൂലൈ<br>പാഠഭാഗം എടുക്കുന്നകിന് മുൻപ് | 3000 | പി.ടിഎ |
| ചാർട്ട് രൂപപ്പെടുത്തുക.<br>ക്ലാസ് മുറിയുടെ ചുമരിൽ പ്രദർശിപ്പിക്കുക | ക്ലാസ് ലീഡർ<br>ക്ലാസ് ലീഡർ | അതത് പാഠം എടുക്കുന്ന മാസം | 1000 | പി.ടിഎ |

**പ്രവർത്തനം -11 :** അടിസ്ഥാനഗണിതക്രിയാ പഠനം

ലക്ഷ്യം: **അടിസ്ഥാന ഗണിതക്രിയകൾ നിർദ്ധാരണം ചെയ്യാൻ കഴിയണം.**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയ കൾ ചെയ്യുന്നതിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുക | വിഷയ സമിതി | അതതു പാഠ ഭാഗം എടു ത്തതിന് ശേഷം | | |
| ഗണിത അധ്യാപകരുടെ സഹായത്താൽ മൊഡ്യൂൾ തയ്യാറാക്കുക. | വിഷയ സമിതി | വാർഷിക കലണ്ടർ പദ്ധതി അനുസരിച്ച് | | |
| ഗണിതക്രിയകൾ ചെയ്യാ നുള്ള പരിശീലനം നൽകുന്നു | വിഷയ സമിതി | വാർഷിക കലണ്ടർ പദ്ധതി അനുസരിച്ച് | | |

**പ്രവർത്തനം -12 :** ഫീൽഡ് ട്രിപ്പ്

ലക്ഷ്യം: **പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം നടപ്പാക്കാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിവിധ പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് നടത്താൻ പറ്റിയ സ്ഥലങ്ങ ളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | വിഷയ സമിതി | ആഗസ്റ്റ് | | പി.ടിഎ |
| യാത്രക്കാവശ്യമായ സൗക ര്യങ്ങൾ, വാഹനം എന്നിവ ഏർപ്പെടുത്തുന്നു. | വിഷയ സമിതി | വാർഷിക കലണ്ടർ പദ്ധതി അനുസരിച്ച് | 25000 | |
| ഫീൽഡ് ട്രിപ്പ് നടത്തുന്നു. | വിഷയ സമിതി | | | |

**പ്രവർത്തനം -13 :**ഗൃഹസന്ദർശനം

ലക്ഷ്യം: **കുട്ടിയുടെ സാമൂഹിക , സാമ്പത്തിക ചുറ്റുപാട് മനസ്സിലാക്കാൻ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വിവിധ പ്രദേശങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ അഡ്രസ്സ് കലക്റ്റ് ചെയ്യുക | ക്ലാസ് ടീച്ചർ | ജൂൺ | 5000 | പി.ടിഎ |
| ഗൃഹസന്ദർശനം നടത്തേണ്ട തിയ്യതി നിശ്ചയിക്കുക. | സ്കൂൾ എസ്. ആർ.ജി | ജൂൺ | | |
| രക്ഷിതാക്കളെ മുൻകൂട്ടി വിവരം അറിയിക്കുക. | | | | പി.ടിഎ |
| ഗൃഹസന്ദർശനം നടത്തി വിവ രങ്ങൾ ശേഖരിക്കുക | ക്ലാസ് ടീച്ചർ | ജൂൺ | | |

# ഗണിതം

അമുഖം

ഗണിതപഠനം അതിന്റെ ലക്ഷ്യത്തിലെത്തണമെങ്കിൽ ആദ്യം വേണ്ടത് കുട്ടികളിൽ ഗണിതപഠനത്തിന് താൽപര്യമുണ്ടാക്കുക എന്നതാണ്. ഗണിതത്തോടുള്ള ഭയം മാറ്റി അവരെ അത് ആസ്വദിക്കുന്ന അവസ്ഥയിലേക്ക് കൊണ്ടുവരാൻ സാധിക്കണം. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതം സഹായകമാവണം. ഓരോ കുട്ടിയിലും മറ്റ് വിഷയങ്ങളെപ്പോലെ തനിക്ക് ഗണിതവും പഠിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഉണ്ടാക്കണം. ഇതിന് സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമുക്ക് കാണ്ടെത്തേണ്ടത്. ഇതിനായി സി.കെ.ജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഗണിതം പഠിപ്പിക്കുന്ന അധ്യാപകർ തയ്യാറാക്കിയ പദ്ധതിയുടെ കരട് ഇവിടെ സമർപ്പിക്കുന്നു. ചർച്ചയ്ക്ക് ശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗണിത പഠന പ്രശ്നങ്ങൾ**

**അക്കാദമികം**

- 5 മുതൽ 12 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
- കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളെകുറിച്ച് ധാരണയില്ല.
- ഐ.സി.ടി അധിഷ്ഠിതമായും പ്രക്രിയാബന്ധിതമായും പാഠാസൂത്രണ നടത്താൻ പരിമിതികൾ ഉണ്ട്.
- ഗണിത പ്രശ്നങ്ങളിലെ പ്രായോഗികതല പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല.
- തുടർമൂല്യനിർണ്ണയം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നില്ല,
- പഠനോപകരണങ്ങൾ സ്വയം തയ്യാറാക്കുന്നതിൽ ധാരണകുറവും സമയകുറവുമുണ്ട്.
- ജ്യാമിതീയ നിർമ്മിതികളിൽ -ഇൻസ്ട്രുമെന്റ് ബോക്സ് ഉപയോഗിക്കുന്നതിലെ പരിചയക്കുറവ്.

**ഭൗതികം**

- ക്ലാസ് മുറികൾ ഐ.സി.ടി അധിഷ്ഠിത പഠനത്തിനും പ്രവർത്തനാധിഷ്ഠിത പഠനത്തിനും അനുയോജ്യമല്ല.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതലാബിന്റെ അഭാവം
- ലൈബ്രറി ഫലപ്രദമല്ല. (ഗണിതശാസ്ത്രഗ്രന്ഥങ്ങൾ,ഗണിതകഥകൾ, ഗണിതശാസ്ത്രജ്ഞൻമാരെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തുക) ഇത് പഠനപ്രക്രിയയുടെ ഭാഗമാകണം.

**സാമൂഹികം**

- സമൂഹത്തിലെ ഗണിത വൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

*ഉദ്ദേശ്യവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണമാണ്*
*- ജോൺ.എഫ്. കെന്നഡി*

പ്രശ്ന വിശകലനം

**പ്രശ്നം: 1.** 5 മുതൽ 12 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പ്രവർത്തനം (പദ്ധതി)** |
|---|---|---|
| **കുട്ടികൾ**<br>* അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് , കുട്ടികൾ താൽപര്യമില്ലാതെ ക്ലാസിൽ ഇരിക്കുന്നു. എല്ലാവർക്കും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല.<br>* പാഠപുസ്തകങ്ങൾ, ഇൻസ്ട്രുമെന്റ് ബോക്സ് തുടങ്ങിയവ ഇല്ലാതെയാണ് പല കുട്ടികളും ക്ലാസിൽ ഇരിക്കുന്നത്.<br>* പലകുട്ടികളും ഗണിതം ബുദ്ധിമുട്ടുള്ള വിഷയമാണെന്ന മുൻധാരണയോടെയാണ് ക്ലാസിൽ ഇരിക്കുന്നത്.<br>* ഗണിത പ്രശ്നങ്ങളിലെ പ്രായോഗികതലങ്ങൾ ബോധ്യപ്പെടാനുള്ള അവസരങ്ങൾ കിട്ടുന്നില്ല. പലതും സൂത്രവാക്യങ്ങളിൽ ഒതുങ്ങുന്നു.<br>* സ്വയം പഠിക്കാനുള്ള ഉത്സാഹക്കുറവ് . ഗ്രൂപ്പ് പഠനത്തിലും ചിലർ താൽപര്യം കാണിക്കുന്നില്ല. പരിശീലനത്തിന്റെ കുറവ്<br>**അധ്യാപകർ**<br>* എല്ലാ കുട്ടികളിലും താൽപര്യമുണ്ടാക്കുന്ന രീതിയിൽ ഗണിതത്തിൽ വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.<br>* കൃത്യമായി ആസൂത്രണം ചെയ്യാനുള്ള ധാരണക്കുറവും സമയക്കുറവും<br>* പഠനോപകരണങ്ങളുടെ അഭാവം ഇവ സ്വന്തമായി നിർമ്മിക്കാൻ കഴിയുന്നില്ല.<br>* ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്താൻ സമയകുറവും പരിശീലനക്കുറവും<br>* ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കാനാൻ ആവശ്യമായ സമയം ലഭിക്കുന്നില്ല. | * അധ്യയന വർഷാരംഭത്തിൽ കുട്ടികളുടെ നിലവാരം അറിയുന്നതിന് പ്രീടെസ്റ്റ് നടത്തുക.<br>* അടിസ്ഥാന ആശയങ്ങൾ നേടാനുള്ള പ്രവർത്തനങ്ങൾക്കായി അവധി ദിവസങ്ങൾ കണ്ടെത്തുക.<br>* ക്ലാസ്റൂം പ്രവർത്തനങ്ങൾ ആകർഷകമാക്കുക.<br>* എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ച് കൊണ്ട് പാഠഭാഗങ്ങൾ തയ്യാറാക്കുക.<br>* ആശയ വിനിമയത്തിനാവശ്യമായ പഠനോപകരണങ്ങൾ ക്ലബ് പ്രവർത്തനങ്ങളിലൂടെ നിർമ്മിക്കു* ഗണിതാശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.<br>* ഗണിതലാബ് സജ്ജമാക്കുക.<br>* ഐ.സി.സി സാധ്യതകൾ ഉറപ്പുവരുത്തുക. ഇതിനായി അധ്യാപകർക്ക് വിഷയാടിസ്ഥാനത്തിൽ പരിശീലനം ലഭ്യമാക്കുക.<br>* അധികസമയം കണ്ടെത്തുക<br>*ഗണിതകഥകൾ, ചെറിയ പസിലുകൾ, ഗണിതകവിതകൾ തുടങ്ങിയവ ചെറിയ ഗണിതഗ്രന്ഥങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കുക.<br>* ഗണിതം-പാഠപുസ്തകവായനയ്ക്ക് പ്രാധാന്യം നൽകുക.<br>* ഗണിതമൂല, ക്വിസ് കോർണർ ഇവയ്ക്ക് സൗകര്യമൊരുക്കുക.<br>* ക്ലാസ് പി.ടി.എ വിളിച്ച് രക്ഷിതാക്കളെ വിവരങ്ങൾ സമയത്തിന് ധരിപ്പിക്കുക. | * പ്രീ ടെസ്റ്റ്<br>* ചതുഷ്ക്രി. കൾ പോലുള്ള അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാനുള്ള പരിപാടി<br>* പിയർ ഗ്രൂപ്പ് പഠനം<br>* ജ്യാമിതീയ രൂപങ്ങളുടെ പഠനത്തിന് ഐ. സി.ടി സാധ്യത<br>* ഗണിതശിൽപശാല<br>* പഠനോപകരണങ്ങളുടെ നിർമ്മാണത്തിന്<br>* ധാരണകൾ നേടിയ ശേഷം വീണ്ടും ടെസ്റ്റ് നടത്തി പുരോഗതി വിലയിരുത്തുന്നു.<br>സബ്ജെക്റ്റ് കൗൺസിൽ ചേർന്ന് പാഠഭാഗങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക. വർക്ക് ഷീറ്റുകൾ തയ്യാറാക്കുക<br>* ഗണിതശാസ്ത്രപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.<br>* ഓരോ ക്ലാസിലും താഴ്ന്ന ക്ലാസുകളിലെ ഗണിത പുസ്തകങ്ങൾ ഇൻസ്ട്രുമെൻര് ബോക്സ് , പഠനോപകരണങ്ങൾ ഇല ലഭ്യമാക്കുക.<br>* പഠനോപകരണശിൽപശാല സംഘടിപ്പിക്കുക.<br>* കുട്ടികളുടെ പഠനനേട്ടം, പഠനനില എന്നിവ രക്ഷിതാക്കളുമായി പങ്കുവെക്കുക |

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം (പദ്ധതി) |
|---|---|---|
| **സംവിധാനം**<br>* ക്ലാസ് മുറികൾ കുട്ടികൾക്ക് താൽപര്യമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ഐ.സി.ടി സാധ്യത പ്രയോഗിക്കാനോ പ്രായോഗികതലത്തിലേക്ക് കുട്ടികളെ നയിക്കാനോ കഴിയുന്ന തരത്തിലുള്ളതല്ല<br>* ക്ലാസുകൾ എങ്ങനെ കൈകാര്യം ചെയ്താൽ ലക്ഷ്യം നേടും എന്നതിനെകുറിച്ച് പരിശീലനം ലഭിക്കുന്നില്ല.<br>**രക്ഷിതാവ്**<br>* എല്ലാ കുട്ടികൾക്കും ആവശ്യമായ പഠനാന്തരീക്ഷം ലഭിക്കുന്നില്ല.<br>* പരിശീലനത്തിന്റെ ആവശ്യകത , ഇൻസ്ട്രുമെന്റ് ബോക്സ് പോലുള്ള ഉപകരണങ്ങളുടെ ആവശ്യകത എന്നിവ എല്ലാ രക്ഷിതാക്കൾക്കും ബോധ്യപ്പെട്ടിട്ടില്ല.<br>* കുട്ടികളുടെ ഭക്ഷണകാര്യങ്ങളിലും ശ്രദ്ധ | * വീടുകളിൽ പഠനാന്തരീശ്രം മെച്ചപ്പെടുത്താൻ ശ്രമിക്കുക.<br>* പാഠപുസ്തകത്തിന്റെയും ആവശ്യകഥ രക്ഷിതാക്കളെ മനസ്സിലാക്കുക.<br>* ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക. അവരുടെ സംഭാവനകൾ കുട്ടികളിൽ എത്തിക്കുക.<br>* നിത്യജീവിത്തിൽ ഗണിതത്തിന്റെ ഉപയോഗം വ്യക്തമാക്കുക.<br>* സ്കൂളിലെ ഷോട്ട്പുട്ടിന്റെ വ്യാപ്തം, ഫ്ളാഗ് പോസ്റ്റിന്റെ ഉയരം എന്നിവ കണ്ടുപിടിക്കാനുള്ള പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ നൽകുക. ഇവയ്ക്കായി ഗണിതലാബ് ഒരുക്കുക<br>* ഹയർ സെക്കണ്ടറി തലത്തിൽ ഗണിതശാസ്ത്രക്ലബുകൾ ഒരുക്കുകയും പ്രായോഗിക തലത്തിലുള്ള പ്രശ്നങ്ങൾ മുഴുവൻ ലാബുകളിൽ ചെയ്യുന്നതിനുള്ള സംവിധാവം ഒരുക്കുകയും ചെയ്യുക.<br>* വിഷയത്തിലെ നൈപുണ്യം കണക്കിലെടുത്ത് വിദ്യാർത്ഥികളെ മത്സരപരീക്ഷകൾക്ക് ഒരുക്കുന്ന രീതിയിൽ ബോധനസംവിധാനം ഏർപ്പെടുത്തുക.<br>* തുടർമൂല്യനിർണ്ണയം കാര്യക്ഷമമായി നടപ്പിൽ വരുത്താനുള്ള സംവിധാനം ഉണ്ടാക്കുക. | ഓരോ ക്ലാസിസും മുൻക്ലാസുകളിൽ കുട്ടി നേടേണ്ട ശേഷികൾ പട്ടികപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.<br>സബ്ജെക്റ്റ് കൗൺസിൽ ചേർന്ന് ഓരോ പാഠഭാഗത്തെയും ഐ.സി.ടി സാധ്യതകൾ കണ്ടെത്തി പ്രദർശിപ്പിക്കുക.<br>* ഒബ്ജക്ടീവ് മാതൃകയിലിള്ള ചോദ്യങ്ങൾ തയ്യാറാക്കി കുട്ടികളെ പരിചയപ്പെടുത്തുക.<br>* ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷകൾ സംഘടിപ്പിക്കുക. |

## പരിഹാര പ്രവർത്തനം- വിശദാംശങ്ങൾ

ഗണിതപഠനം ലളിതവും ആസ്വാദ്യവും ആക്കുക. എല്ലാ കുട്ടികളുടേയും സജീവ പങ്കാളിത്തം ഉണ്ടാക്കുക. പഠനനേട്ടം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് പരിഹാരപ്രവർത്തനങ്ങൾ തയ്യാറാക്കിയത്.

1. **പ്രീ ടെസ്റ്റ്**

എല്ലാ ക്ലാസുകളിലും കുട്ടികളുടെ പഠനനില തിരിച്ചറിയാനായി ക്ലാസ്തല പരീക്ഷ നടത്തുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി ഫലം വിശകലനം ചെയ്ത് കുട്ടിയുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഉത്തരകടലാസുകൾ അടിസ്ഥാനരേഖയായി സൂക്ഷിക്കുന്നു.

2. **വർക്ക് ഷീറ്റ്, പസിൽസ്**

പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി നടപ്പിലാക്കുന്നു.ഓരോ പാഠഭാദത്തിന്റെയും തുടക്കത്തിൽ മുമ്പ് നേടേണ്ട ശേഷികൾ ഉറപ്പുവരുത്താനായി വർക്ക് ഷീറ്റുകൾ (സബ്ജെക്റ്റ് കൗൺസിൽ) തയ്യാറാക്കി നൽകുകയും ഗണിതപഠനം ആശ്വാദ്യകരമാക്കാൻ ചെറിയ പസിലുകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

3. **പാഠാസൂത്രണം**

സബ്ജെക്റ്റ് കൗൺസിൽ ചേർന്ന് പാഠഭാഗങ്ങൾ നന്നായി ആസൂത്രണം ചെയ്യുന്നു. എല്ലാ വിഭാഗം കുട്ടികളുടേയും സജീവ പങ്കാളിത്തം കണക്കിലെടുത്തായിരിക്കണം ഇവ തയ്യാറാക്കേണ്ടത്. കൂടാതെ മറ്റ് വിഗദ്ഗരുടെ സഹായത്തോടെ ഐ.സി.ടി സാധ്യതകൾ കണ്ടെത്തുകയും പഠനോപകരണങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നു. ചുമതല- സബ്ജെക്റ്റ് കൗൺസിൽ.

4 **ഗണിത ക്ലബ്**

കുട്ടികളിൽ ഗണിതതാൽപര്യം വളർത്തുന്നതിനും ഗണിതം നിത്യജീതോതവുമായി ബന്ധിപ്പിക്കുന്നതിനും അവസരമൊരുക്കുന്ന സംവിധാനമാണിത്. പ്രൊജക്റ്റുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരികൾ, സെമിനാറുകൾ, മാഗസിൻ നിർമ്മാണം എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. ഗണിതത്തിൽ കൂടുതൽ മികവ് കാട്ടുന്ന വിദ്യാർത്ഥികളെ ഗണിതശാസ്ത്രമേള, രാമാനുജൻ പ്രബന്ധമത്സരം ഇവയ്ക്ക് പങ്കെടുപ്പിക്കാനും ഗണിത ക്ലബ് പ്രവർത്തനങ്ങൾ കൊണ്ട് കഴിയുന്നു.

5. **പഠനോപകരണശിൽപശാല:**

ഓരോ പാഠഭാഗത്തിനും ആവശ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം-ശിൽപശാല സംഘടിപ്പിക്കുന്നു. ഇതിനായി വിദഗ്ദർ, മറ്റ് സ്കൂളുകളികർ ഇവരെ പങ്കെടുപ്പിക്കുന്നു. ചുമതല സബ്ജെക്റ്റ് കൗൺസിൽ

6 **ക്ലാസ് ലൈബ്രറി:**

എല്ലാ ക്ലാസുകളിലും താഴ്ന്ന ക്ലാസുകളിലെ ഗണിത പുസ്തകങ്ങൾ, മറ്റ് ഗണിത പുസ്തകങ്ങൾ ഇവ ശേഖരിക്കുകയും വിതരണം ചെയ്യുകയും വായിച്ച് ചർച്ചകൾ നടത്താനുമുള്ള അവസരങ്ങൽ ഉണ്ടാക്കുകയും ചെയ്യുന്നു.

7. **ഐ.സി.ടി പരിശീലനം:**

എല്ലാ സ്കൂളുകളും ഹൈടെക് ആകുമ്പോൾ അധ്യാപകർക്ക് ആത്മവിശ്വാസത്തോടെ ഐ.സി.ടി സാധ്യതകൾ കൈകാര്യം ചെയ്യാനുള്ള പരിശീലനം ലഭിക്കണം. പിന്നീട് അവർ തയ്യാറാക്കുന്ന പഠനോൽപ്പനങ്ങൾ മറ്റുള്ളവർക്ക് നൽകുന്ന അവസ്ഥയും ഉണ്ടാകണം.

8. **ക്ലാസ് പി.ടി.എ**

കഴിയുമെങ്കിൽ എല്ലാ മാസവും ക്ലാസ് പി.ടി.എ വിളിച്ച് രക്ഷിതാക്കളെ കുട്ടികളുടെ പഠനനില അറിയിക്കേണ്ടതാമ്. ക്ലബ് പ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കുന്ന പഠനോപകരണങ്ങളുടേയും മറ്റും പ്രദർശനവും പി.ടി.എ കളിൽ നടത്തണം.

പ്രശ്നം: 5 മുതൽ 12 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| * 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾ മുൻ ക്ലാസുകളിൽ നേടേണ്ടുന്ന അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തി ചോദ്യങ്ങൾ തയ്യാറാക്കുക.<br>* ആവശ്യമുള്ള എണ്ണം ചോദ്യങ്ങൾ തെരഞ്ഞെടുത്ത് അച്ചടിച്ച് പ്രീ ടെസ്റ്റ് നടത്തുക.<br>* മൂല്യനിർണ്ണയം നടത്തി മാർക്ക് വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി എസ്.ആർ.ജി, ക്ലാസ്, പി.ടി.എ യോഗങ്ങളിൽ അവതരിപ്പിക്കുക.<br>* പരിഹാരബോധനം- പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.<br>* വീണ്ടും ടെസ്റ്റ് നടത്തി ഫലം ക്രോഡീകരിച്ച് അവലോകനം ചെയ്യുന്നു. എസ്.ആർ.ജി, ക്ലാസ് പി.ടി.എകളിൽ നിലവാരം ചർച്ച ചെയ്യുന്നു.<br>* ഓരോ പാഠഭാഗത്തിന്റെയും ആശയങ്ങൾക്കനുസരിച്ച് പഠനപ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക. പഠനോപകരണങ്ങൾ ഉണ്ടാക്കുക. പരസ്പരം ഷെയർ ചെയ്യുക.<br>* ക്ലബ് പ്രവർത്തനം- കലണ്ടർ രൂപീകരണം<br>* ഗണിത മൂല, പസിൽസ് ഗെയിം, മാഗസിൻ നിർമ്മാണം, ക്വിസ് കോർണർ<br>* ഗണിതമേളയ്ക്ക് തയ്യാറെടുക്കൽ<br>* ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനാപകരണങ്ങൾ പട്ടികപ്പെടുത്തി സമയം കണ്ടെത്തി വിദഗ്ദരുടെ സഹായത്തോടെ സമയം കണ്ടെത്തി വിദഗ്ദരുടെ സഹായത്തോടെ പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>* ക്ലാസ് ലൈബ്രറി-മറ്റ് ക്ലാസുകളിലെ പുസ്തക ശേഖരണം- ക്ലബ് അംഗങ്ങളുടെ സഹായത്തോടെ<br>* ഐ.സി.ടി പരിശീലനം- ആശയങ്ങൾ പട്ടികപ്പെടുത്തി വിദഗ്ദരുടെ സഹായത്തോടെ പരിശീലനം നടത്തുക<br>* കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായി സമയബന്ധിതമായി പങ്കുവെയ്ക്കുക.<br>യോഗങ്ങൾ (സി.പി.ടി.എ ) നടത്തുക | സബ്ജെക്റ്റ് കൗൺസിൽ<br><br>സബ്ജെക്റ്റ് കൗൺസിൽ | മെയ് അവസാനം<br><br>ജൂൺ ആദ്യ ആഴ്ച<br><br>ജൂൺ രണ്ടാം വാരം<br>ജൂൺ അവസാനം | | പി.ടി.എ |

# വിവരസാങ്കേതിക വിദ്യ

# വിവരസാങ്കേതിക വിദ്യ

അമുഖം

സാധ്യതകളുടെയും പ്രയോഗത്തിന്റെയും കാര്യത്തിൽ സർവ്വവ്യാപ്തിയായി തീർന്നിരിക്കുന്നതാണ് വിവരസാങ്കേതികവിദ്യ. നിത്യജീവിതത്തിൽ ഇത് വിപുലവും വിസ്മയകരവുമായ മാറ്റങ്ങൾ വരുത്തി. വിവരസാങ്കേതിക വിദ്യയുടെ വിവിധ മേഖലകളിൽ നമുക്ക് പുതിയ അവബോധം നിർബന്ധമായും ഉണ്ടാവണം.

ഈ വിദ്യയുടെ അടിസ്ഥാനാശയങ്ങൾ പരിചയപ്പെടാനും പ്രതികൂലാവസ്തകൾ എന്തൊക്കെയാണെന്ന് അറിയാനും അനന്ത സാദ്ധ്യതകൾ പൂർമ്ണമായും വിദ്യാർത്ഥികളിലേക്ക് എത്തിച്ചേരുവാനും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ കൊണ്ട് ലക്ഷ്യം വെയ്ക്കുന്നു.

**അക്കാദമികം**

1. കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയെക്കുറിച്ച് പ്രാഥമികമായും മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ

ഭൗതികം

* ഹാർഡ് വെയർ, ലാബ് കംപ്യൂട്ടർ, എൽ.സി.ഡി പ്രോജക്ടർ തുടങ്ങിയവയുടെ അപര്യാപ്തത

സാമൂഹികം

1. സൈബർ ലോകത്തിലെ ചതിക്കുഴികളിലേക്ക് കുട്ടികൾ വഴി തെറ്റിപോകുന്നു.

*വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ്... എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്.*
*- എ.പി.ജെ അബ്ദുൾ കലാം*

| | കാരണങ്ങൾ | പരിഹാരം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|---|---|
| കുട്ടി | സാങ്കേതികവിദ്യയുടെ മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ | * സെമിനാറുകൾ<br>* ഐ. ടി. പാർക്ക് സന്ദർശനം<br>* കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി പഠിപ്പിക്കുക. | മാസത്തിൽ ഓരോ സെമിനാറുകൾ | ഐ.ടി അധ്യാപകർ | | പി.ടി.എ | |
| അധ്യാപകൻ | അദ്ധ്യാപകർക്ക് ജേർണലുകൾ<br>ഐ.ടി ഉപകരണങ്ങൾ എന്നിവ ഇല്ലാത്തത് | * ആനുകാലികമായ വിവരസാങ്കേതിക വിദ്യയിലെ പുരോഗതി മനസ്സിലാക്കുന്ന ജേർണലുകൾ ഉപകരണങ്ങൾ എന്നിവ ഉറപ്പ് വരുത്തുക. | ജേർണലുകൾ ഉപകരണങ്ങൾ എന്നിവ | ഐ.ടി അധ്യാപകർ | ജൂൺ -ഡിസംബർ | | |
| രക്ഷിതാവ് | കോഴ്സുകളെ പറ്റിയുള്ള അവബോധം ഇല്ലായ്മ | * രക്ഷിതാക്കൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുക | അദ്ധ്യയവ വർഷാരംഭത്തിൽ ഐ.ടി ക്ലാസുകളെ പറ്റി അവബോധം നൽകുന്നു | ഐ.ടി അധ്യാപകർ | | | |

# കലാ വിദ്യാഭ്യാസം

## കലാവിദ്യാഭ്യാസം

കലാപഠനം ഇന്നും കുട്ടികളുടെ ഔപചാരിക പഠനത്തിന് പുറത്ത് തന്നെയാണെന്ന് പറയാം. കലാപഠനം മറ്റുവിഷയങ്ങളുടെ പഠനത്തെ സഹായിക്കും എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ബഹുമുഖമായ കുട്ടികളുടെ കഴിവിനെ അംഗീകരിക്കുന്ന ഒരു പാഠ്യപദ്ധതിയാണ് നമുക്കുള്ളത്. എന്നാൽ പഠന പ്രക്രിയയിൽ ഈ പരിഗണന ലഭിക്കുന്നില്ല. സാംസ്കാരിക രംഗത്തെ വളർച്ച പാരമ്പര്യത്തിന്റെ തുടർച്ച എന്നിവ ഉറപ്പാക്കാൻ കലാപഠനം സഹായിക്കും.

**അക്കാദമികം**

1. ജന്മസിദ്ധമായ കഴിവുകൾ പ്രകടിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ലഭിക്കുന്നില്ല.
2. ഭൗതികസാഹചര്യത്തിന്റെ അഭാവം
3. കലാപ്രവർത്തനത്തെ സംബന്ധിച്ച് രക്ഷിതാക്കൾക്കും കുട്ടികൾക്കും ശരിയായ കാഴ്ചപ്പാടില്ല.
4. വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡ്യോക്യുമെന്റ് ചെയ്യുന്നില്ല.

**ഭൗതികം**

കലാസാംസ്കാരി പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ഭൗതിക സൗകര്യകുറവ്.

*ഉണരുക, എഴുന്നേൽക്കുക... ലക്ഷ്യം നേടുന്നത് വരെ പ്രയത്നിക്കുക*
*- സ്വാമി വിവേകാനന്ദൻ*

പ്രശ്നവിശകലനം

**മേഖല-അക്കാദമികം**

പ്രശ്നം- എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്തു കയോ പ്രോൽസാഹിപ്പിക്കുയോ ചെയ്യുന്നില്ല.

| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പദ്ധതി /പ്രവർത്തനം** |
|---|---|---|
| **കുട്ടികൾ**<br>സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞിട്ടില്ല.<br>**അധ്യാപകർ**<br>കുട്ടിയുടെ കഴിവുകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമില്ല<br>**സംവിധാനം**<br>എല്ലാവരെയും പരിഗണിക്കുന്നില്ല. എല്ലാവരും പങ്കെടുക്കണമെന്ന് നിഷ്കർഷയില്ല.<br>**രക്ഷിതാക്കൾ**<br>കുട്ടിയുടെ കഴിവുകൾ തിരിച്ചറിഞ്ഞിട്ടില്ല.<br>കലാപഠനം പ്രധാനമാണെന്ന് അറിയില്ല | കുട്ടികളുടെ കഴിവ് കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക<br>കുട്ടികൾക്ക് കലാപഠനത്തിന് അവസരമൊരുക്കുന്നു | 1. പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കാൻ<br>2. പി.ടി.എ ബോധവൽക്കരണം |
| പ്രശ്നം-2 പാഠ്യപദ്ധതി നിർദ്ദേശിച്ച എന്നിവയില്ല | പഠനാനുഭവങ്ങൾ നൽകാനുള്ള അധ്യാ | പകർ, ഭൗതിക സൗകര്യം |
| **അധ്യാപകർ**<br>എല്ലാ കലകളിലും പ്രാവീണ്യം നേടിയ അധ്യാപകരുടെ അഭാവം<br>**സംവിധാനം**<br>ഭൗതിക സാഹചര്യം ഒരുക്കുവാനുള്ള കലാധ്യാപകരുടെ സേവനം ഉറപ്പ് വരുത്തുവാനും സാധിച്ചിട്ടില്ല.<br>**രക്ഷിതാക്കൾ**<br>പാഠ്യപദ്ധതിയെക്കുറിച്ച് ബോധവാനല്ല. കുട്ടിയുടെ പഠനത്തിൽ ഇടപെടുന്നില്ല. | അധ്യാപന നിയമത്തിന് സമ്മർദ്ദം ചെലുത്തുക.<br>പരിശീലനഹാൾ ലഭ്യമാക്കുക.<br>പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക. | സ്കൂൾ നാടകവേദി സംഗീത ഉപകരണ പഠനം |

പ്രശ്നം 3- പഠന പ്രവർത്തനത്തിന്റെയും ദിനാചരണത്തിന്റേയും ഭാഗമായി കലാ-സാംസ്കാരിക പരിപാടികൾ ഉദ്ഗ്രഥിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി /പ്രവർത്തനം |
|---|---|---|
| **കുട്ടികൾ**<br>കുട്ടികൾക്ക് കലാസാംസ്കാരികാനുഭവങ്ങൾ ലഭിക്കുന്നില്ല.<br>**അധ്യാപകർ**<br>നിശ്ചിത വിഷയത്തിന്റെ ഉള്ളടക്ക ബാഹുല്യം പരീക്ഷക്കുമുമ്പേ പാഠഭാഗങ്ങൾ പൂർത്തയാക്കാനുള്ള ശ്രമം. ഇവയ്ക്കിടയിൽ കലാപഠനം പാർശ്വവൽക്കരിക്കപ്പെടുന്നു. | ശരിയായ ആസൂത്രണം നടത്തുക. | ദിനാചരണം കലയുമായി ബന്ധപ്പെടുത്തുക. |
| പ്രശ്നം-4 കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തമില്ല. താൽപര്യമുള്ള കലാപഠനത്തിന് സ്കൂളിൽ അവസരമില്ല. | | |
| **കുട്ടികൾ**<br>എല്ലാവർക്കും അവസരം ലഭിക്കുന്നില്ല. കുട്ടിയുടെ താൽപര്യം പരിഗണിക്കുന്നില്ല.<br>**അധ്യാപകർ**<br>ഒരു അധ്യാപകൻ മാത്രമാണുള്ളത്. പിരീയഡുകൾ കുറവ്<br>പരീക്ഷയുള്ള വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്നു.<br>**സംവിധാനം**<br>ടൈം ടേബിളിൽ വേണ്ടത്ര സമയം അനുവദിക്കുന്നില്ല. പ്രാധാന്യം മേളകളിൽ ഒതുങ്ങുന്നു.<br>**രക്ഷിതാക്കൾ**<br>പുറത്തുള്ള കലാപഠനം വളരെ വില കൂടിയതാണ്. നല്ലതൊഴിൽ ലഭിക്കുന്നതിന് സഹായമല്ല എന്ന ധാരണ | എല്ലാ കുട്ടികൾക്കും താൽപര്യമുള്ള കലാരൂപം പഠിക്കുന്നതിന് അവസരമൊരുക്കുക. കലാധ്യാപകരെ നിയമിക്കുവാൻ സർക്കാറിൽ സമ്മർദ്ദം ചെലുത്തുക. | സംഗീത ഉപകരണപഠനം സ്കൂളിൽ<br>പ്രാദേശിക ചിത്രരചന |

പ്രശ്നം 5- കലാസാംസ്കാരിക പ്രവർത്തനങ്ങൽ സംഘടിപ്പിക്കുന്നതിന് ഭൗതിക സാഹചര്യം ഇല്ല

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പദ്ധതി /പ്രവർത്തനം |
|---|---|---|
| **അധ്യാപകർ**<br>ഈ മേഖലയ്ക്ക് വേണ്ടത്ര പ്രധാന്യം നൽകി പ്രവർത്തിച്ചിട്ടില്ല.<br>**സംവിധാനം**<br>അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുക | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം.<br>സംഗീതം, ചിത്രകല, നാടകം എന്നിവ പരിശീലിക്കാൻ പ്രത്യേക ഹാൾ സ്കൂളിൽ ഉറപ്പു വരുത്തുക. | 1. പരിശീലനഹാൾ<br>2. ആർട്സ് ഗാലറി കെട്ടിടം<br>3. സ്കൂൾ സൗന്ദര്യ വൽക്കരണം |

**പരിഹാര പ്രവർത്തനം- വിശദാംശങ്ങൾ**

1. സ്കൂൾ തുറന്ന ഉടനെ ഓരോ മേഖലയിലും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കണം.
2. ദിനാചരണങ്ങൾ
3. രക്ഷിതാക്കൾക്ക് ബോധവൽക്കരണം
4. പ്രതിമാസം ഒരു പരിപാടി ആസൂത്രണം ചെയ്യൽ
5. സ്കൂൾ നാടകവേദി
6. കഥ, കവിത, ക്യാമ്പുകൾ
7. സംഗീത ഉപകരണപഠനം
8. ഫിലിം ക്ലബ്
9. പ്രാദേശിക ചിത്രരചന
10. സ്കൂൾ സോവനീർ
11. സ്കൂൾ സൗന്ദര്യവൽക്കരണം
12. ആർട് ഗാലറി

പ്രശ്നം 5- കലാസാംസ്കാരിക പ്രവർത്തനങ്ങൽ സംഘടിപ്പിക്കുന്നതിന് ഭൗതിക സാഹചര്യം ഇല്ല

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. ആശയരൂപീകരണം | കലാ-സാംസ്കാരിക കമ്മിറ്റി | ജൂൺ 2018 | 2000 | പി.ടി.എ |
| 2. വിവരശേഖരണവും ഡ്യോക്യുമെന്റേഷൻ അച്ചടിയും | | ജൂലായ് -സപ്തംബർ | | |
| 3. കുട്ടികളുടെ താൽപര്യമുള്ള മേഖല കണ്ടെത്തൽ | | | 5000 | വിദ്യാലയ വികസന സമിതി |
| 4. വിദഗ്ദരെ കണ്ടെത്തി പ്രതിമാസ ക്ലാസുകൾ | | | | പി.ടി.എ |
| 5. നാടക പ്രവർത്തകരുടെയും കുട്ടികളുടേയും കൂട്ടായ്മ | | ജൂലായ് | 1000 | പി.ടി.എ |
| 6. നാടകക്കളരി | | | 5000 | |

# ഹെൽത്ത് & ഫിസിക്കൽ എഡ്യുക്കേഷൻ

## ഹെൽത്ത് & ഫിസിക്കൽ എഡ്യുകേഷൻ

കുട്ടിയുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികാസത്തിന് കായികാഭ്യാസവും യോഗയും ചെയ്യുന്നതിന് പാഠ്യപദ്ധതി അനസരമൊരുക്കുന്നു. കായികക്ഷമത പരിശോധനയ്ക്ക് പുറമേ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ശാരീരിക വളർച്ച കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതോടൊപ്പം താൽപര്യമുള്ള കായിക മേഖലകൾ തെരഞ്ഞെടുത്ത് അവയിൽ മികവ് കണ്ടെത്താനുള്ള അവസരവും ഉറപ്പാക്കേണ്ടതാണ്.

**ആരോഗ്യ കായിക വിദ്യഭ്യാസം-പ്രശ്നങ്ങൾ**

**അക്കാദമികം**

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.
2. കായിക ക്ഷമതാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അനുവദിച്ച പിരിയേഡ് അപര്യാപ്തമാണ്.
3. കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികളും രക്ഷിതാക്കളു സമൂഹവും പൂർണ്ണമായും തിരിച്ചറിഞ്ഞിട്ടില്ല.
4. ഓരോ കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം നിർണ്ണയിക്കുന്നതിന് ഡയറ്റീഷ്യന്റെ സേവനം ലഭിക്കുന്നില്ല.

**ഭൗതിക മേഖല**

1. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യമില്ല (ഇൻഡോർ സ്റ്റേജിയം, യോഗപ്രവർത്തനം. സ്വിമ്മിംഗ് പൂൾ)
2. വോളിബോൾ, ഷട്ടിൽ ബാറ്റ്മിന്റൺ കളികൾക്ക് അനുയോജ്യമായ സൗകര്യമില്ല.
3. ജംപിങ്ങ് പിറ്റ് (ട്രിപ്പിൾ ജംപ്, ലോങ് ജംപ്) പോൾവാൾട്ട്, ഹൈജംബ് എന്നിവയ്ക്കുള്ള ജംപിങ്ങ് മാറ്റ് എന്നിവ ഇല്ല.
4. പോഷകാഹാരം കുട്ടികളുടെ ആവശ്യം പരിഗണിച്ച് ലഭ്യമാകുന്നില്ല.
5. കായിക ഉപകരണങ്ങളുടെ അപര്യാപ്തത
6. ട്രാക്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലസൗകര്യം ഏർപ്പെടുത്തൽ

**സാമൂഹികം**

1. പ്രാഥമിക വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധന്യം സംബന്ധിച്ച് എത്തിക്കുന്നതിനുള്ള പരിപാടികളില്ല.

*ശ്രമത്തിലാണ് , ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉണ്ടാവുന്നത്.*
*സമ്പൂർണ്ണശ്രമം സമ്പൂർണ്ണ വിജയമാകുന്നു*
*- ഗാന്ധിജി*

പ്രശ്ന വിശകലനം

മേഖല : അക്കാദമികം

പ്രശ്നം 1 : എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

| **കാരണങ്ങൾ** | **പരിഹാര നിർദ്ദേശം** | **പ്രവർത്തനം** |
|---|---|---|
| 1. **കുട്ടികൾ**<br>കായിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിൽ പെൺകുട്ടികൾ വിമുഖത കാണിക്കുന്നു.<br>2. മറ്റു വിഷയങ്ങളുടെ പ്രാധാന്യം കുട്ടികൾ കായിക പ്രവർത്തനത്തിന് നൽകുന്നില്ല.<br>അധ്യാപകർ<br>1. മുൻ അനുഭവമില്ലാത്ത കുട്ടികളഎ പരിശീലിപ്പിക്കുന്നതിനുള്ള പ്രയാസം.<br>2. എല്ലാ മേഖലയിലും പരിശീലനം നൽകാൻ കഴിയുന്നില്ല.<br>**രക്ഷിതാവ്**<br>1. കുട്ടികളെ കായിക പ്രവത്തനങ്ങളിൽ പങ്കെടുപ്പിക്കുന്നതിൽ താൽപര്യമില്ല.<br>2. കായിക ക്ഷമതാ പ്രവർത്തനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിട്ടില്ല.<br>സംവിധാനം<br>1. കായിക പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യമില്ല.<br>2.എൽ.പി,യു.പി ക്ലാസുകളിൽ കായികപഠനത്തിന് അധ്യാപകരില്ല. | 1. കായികക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.<br>2.കായികപഠനത്തിന് സൗകര്യമൊരുക്കാൻ<br>3. എല്ലാ കുട്ടികൾക്കും നീന്തൽ പഠനം ഉറപ്പാക്കാൻ<br>4. എൽ.പി, യു.പി ക്ലാസുകളിൽ കായികപഠനത്തിന് അവസരമൊരുക്കാൻ<br>5. പി.ടി.എ ബോധവൽക്കരണ പരിപാടി നടപ്പാക്കൽ<br>6 സ്പോർട്സ് കൗൺസിലിന്റെ സേവനം ഉറപ്പാക്കൽ | 1.കായിക ശില്പശാല<br>2. കായിക പരിശീലനം<br>3. നീന്തൽ സാക്ഷരത<br>4. എൽ.പി തലത്തിൽ കായിക അധ്യാപക സേവനം<br>5. ഭൗതിക സാഹചര്യം<br>6. സ്പോർട്സ് കൗൺസിൽ സഹായം |

പരിഹാര പ്രവർകത്തനം വിശദാംശങ്ങൾ

1) **ടാലന്റ് റിസർച്ച് പദ്ധതി**

കുട്ടികൾക്ക് താൽപര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം നൽകുകയും ഒരേ ഇനം ലഭിച്ച കുട്ടികളെ നിശ്ചിത മേഖലയുടെ പ്രാഥമിക ശേഷി നിലവാരം അളക്കുന്നതിനും നിശ്ചിത ഇനത്തിൽ കുട്ടികൾക്കുള്ള സാധ്യത കണ്ടെത്തുന്നതിനും ഉപയോഗപ്പെടുത്തണം. തുടർന്ന് നിശ്ചിത മേഖലയിൽ കൂടുതൽ വിദഗ്ദരുടെ സഹായത്തോടെ പരിശീലനം നൽകണം.

2. കായിക പരിശീലനം

എല്ലാ ദിവസങ്ങളിലും വൈകുന്നേരം കായിക പരിശീലനം സംഘടിപ്പിക്കണം. കുട്ടികളുടെ ഹാജർ നിർബന്ധമാക്കും. നിശ്ചിത മേഖലയിൽ കഴിയുന്നത്ര വിദഗ്ദരുടെ പരിശീലനം ഉറപ്പാക്കും. മികവ് പുലർത്തുന്നവരെ സബ്ജില്ല, ജില്ലാ, സംസ്ഥാന ദേശീയ മത്സരത്തിൽ പങ്കെടുപ്പിക്കും.

3. നീന്തൽ സാക്ഷരത

മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം ഉറപ്പാക്കുന്ന പ്രവർത്തനമാണിത്. നീന്തൽക്കുളം സ്കൂളിന് സ്വന്തായി ഉണ്ടാക്കുന്നതുവരെ പിൻതുണയും സാന്നിധ്യവും ഈ പരിപാടിക്ക് അനിവാര്യമാണ്.

4. പ്രൈമറി കുട്ടികളുടെ കായിക പഠനം-കളമൊരുക്കൽ

കായികക്ഷമതയിൽ കുട്ടികളിലുള്ള താൽപര്യവും പ്രീ-പ്രൈമറി മുതൽ വളർത്തിയെടുക്കുന്നതിനുള്ള സംവിധാനം വേണം. ബി.ആർ.സി, പഞ്ചായത്ത് എന്നിവയുടെ സഹായം അഭ്യർത്ഥിക്കാം.

5. ഭൗതിക സൗകര്യങ്ങൾ

സ്വിമ്മിങ്ങ് പൂൾ, ജംപിങ്ങ് പിറ്റ്, ജംപിങ് വാറ്റ് എന്നിവ നിർമ്മിക്കൽ, ട്രാക്കിന് ആവശ്യമായ സ്ഥലമൊരുക്കൽ, കായിക ഉപകരണങ്ങൾ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തങ്ങൾ ഇന്ന് വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാവും.

**പ്രവർത്തന പദ്ധതി വിശകലനം**

മേഖല: അക്കാദമികം

പ്രശ്നം-1എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേരിടാൻ കഴിയുന്നില്ല.

പ്രവർത്തനം -1 ടാലന്റ് സെർച്ച്

ലക്ഷ്യം- കായിക പഠനത്തിന്റെ സവിശേഷത താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അനുഭവങ്ങൾ നൽകുന്നതിന്.

അക്കാദമിക മാസ്റ്റർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1) കായികം പ്രവർത്തനത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തൽ, ഇനം നിശ്ചയിത്തൽ | കായികസമിതി | ജൂൺ | | |
| 2) നിശ്ചിത മേഖലയിൽ കുട്ടികളുടെ ശേഷി അറിയാനുള്ള പ്രവർത്തനം | കായികസമിതി | ജൂലായ് | | |
| 3) ഓരോ ഇനത്തിനും ഉപസമിതിയെ കണ്ടെത്തണം. (രക്ഷിതാവ്, ടീച്ചർ, പൂർവ്വവിദ്യാർത്ഥി, പരിശീലകന്) | കായികസമിതി | ജൂലായ് | | |
| 4) ഓരോ ഇനത്തിനുമുള്ളതു കുട്ടികളുടെ ഉപസമിതി അംഗങ്ങളുടേയും പേരുവിവരം റജിസ്റ്റർര് തയ്യാറാക്കൽ | കായികസമിതി | ജൂലായ് | | |
| 5) പ്രതിവാര പരിശീലന പരിപാടി | കായികസമിതി | ജൂലായ് മാർച്ച് | 1000 | പി.ടി.എ |

മേഖല: അക്കാദമികം

പ്രശ്നം-1 എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.

ശേഷികൾ നേടാൻ കഴിയുന്നില്ല.

പ്രവർത്തനം :1.3 നീന്തൽ സാക്ഷരത

ലക്ഷ്യം: വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പഠനം ഉറപ്പാക്കുക

| | | | | |
|---|---|---|---|---|
| 1.നീന്തൽ അറിയുന്ന കുട്ടികളെ കണ്ടെത്തൽ | ക്ലാസ് ടീച്ചർ | ജൂൺ | | വികസന സമിതി |
| 2) നീന്തൽപഠനം ആവശ്യമായ കുട്ടികളുടെ എണ്ണം ക്ലാസ് തലത്തിൽ ശേഖരിക്കൽ | ക്ലാസ് ടീച്ചർ,കായികാദ്ധ്യാപകൻ | ജൂൺ<br>ജൂലൈ | | |
| 3) രക്ഷാകർതൃബോധവൽക്കരണം വിദ്യാർത്ഥികളെ ബോധവൽക്കരിക്കൽ ക്ലാസ് പി.ടി.എ യിൽ | ക്ലാസ് ടീച്ചർ കായികാദ്ധ്യാപകൻ | ജൂലൈ<br>ആഗസ്റ്റ് | | |
| 4) പരിശീലകരെ കണ്ടെത്തൽ | ടീം പ്രോജക്റ്റ് | ആഗസ്റ്റ് | | |
| 5) പരിശീലനത്തിന് ആവശ്യമായ ജലാശയങ്ങൾ കണ്ടെത്തൽ | ടീം പ്രോജക്റ്റ് | ഡിസംബർ | | |
| 6) ഒഴിവുദിവസങ്ങളിൽ പരിശീലനം -ഉദ്ഘാടനം | ടീം പ്രോജക്റ്റ് | ജനുവരി 2019 | 5000 | |
| 7) സമ്പൂർണ്ണ നീന്തൽ സാക്ഷരതാ പ്രഖ്യാപനം | ടീം പ്രോജക്റ്റ് | | 5000 | |

മേഖല : അക്കാദമികം

പ്രശ്നം1– എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല,

പ്രവർത്തനം 1.2 കായിക പരിശീലനം

ലക്ഷ്യം: നിശ്ചിത മേഖലയിൽ നിരന്തരവും ഗുണമേന്മയുള്ളതുമായ പരിശീലനം ഉറപ്പാക്കുന്നതിന്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1) കായിക പഠനസംഘങ്ങൾ രൂപീകരിക്കൽ<br>2) പഠനസംഘങ്ങൾക്ക് പരിശീലകരേയും സഹായസംഘം (രക്ഷിതാവ്, അധ്യാപകൻ, പൂർവ്വവിദ്യാർത്ഥികൾ) ത്തെയും കണ്ടത്തൽ<br>3) പരിശീലനടൈടേബിൾ തയ്യാറാക്കൽ പരിശീലനം<br>4) പുരോഗതി വിലയിരുത്തൽ (ടേമിലൊരുക്കൾ) | കായിക സമതി<br>കായികസമിതി<br>കായികപരിശീലകൻ<br>കായികസമിതി സ്പോർട്സ് കൗൺസിൽ | ജൂലൈ<br>ജൂലൈ<br>മെയ് ജൂൺ | 5000<br>5000 | പി. ടി. എ സ്പോൺസർ |

മേഖല : അക്കാദമികം

പ്രശ്നം1– കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ ശേഷിയും ആർജിക്കാൻ കഴിയുന്നില്ല.

പ്രവർത്തനം 1.4 കളമൊരുക്കാൻ (പ്രൈമറി കായികപഠനം)

ലക്ഷ്യം: എൽ.പി യു.പി കുട്ടികളുടെ കായികക്ഷമതാ ഉറപ്പാക്കുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനും

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1) ആശയരൂപീകരണശിൽപശാല<br>2) കായികപഠനത്തിനുള്ള വിദഗ്ധരെ കണ്ടെത്തൽ<br>3) കായിക പ്രതിഭകളുടെ പ്രകടനം | പി.ഇ.സി<br>ബി.ആർ.സി | ജൂലൈ<br>ജൂലൈ<br>ഫിബ്രവരി | 10000 | ബി.ആർ.സി |

പ്രവർത്തനം 1.5 ഭൗതികസൗകര്യങ്ങൾ

ലക്ഷ്യം: കായികപഠനം ഫലപ്രദമാക്കുന്നതിനുള്ള ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കാഴ്ചപ്പാട് വികസിപ്പിക്കൽ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1) ധാരണ രൂപീകരിക്കുന്നു<br>2) പദ്ധതി രൂപീകരണശിൽപശാല<br>3) പദ്ധതി രൂപീകരണം | എസ്.ആർ.ജി<br>കായികാദ്ധ്യാപകൻ | ജൂലൈ | 1000<br>10000<br>1000 | പി.ടി.എ<br>പി.ടി.എ<br>പി.ടി.എ |

കായിക പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യമൊരുക്കാൻ ഏകദേശം 300000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | മോണിറ്ററിംങ് |
|---|---|---|---|---|---|
| 10 | ഹൈടെക് | ഹൈടെക് ക്ലാസ് ഒരുക്കുക, ചിത്രകഥകൾ, ചാർട്ടുകൾ, സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, മഹത്വചനങ്ങൾ പ്രധാന ഈരടികൾ, ചുവർ ചിത്രങ്ങൾ, ഉർദു , തുടങ്ങിയവ ക്ലാസ്റും ചുമരുകളിൽ സജ്ജീവരിച്ച് ആകർഷമാക്കുക. | ഒരു വർഷം | പി.ടി.എ മാനേജ്മെന്റ് | പി.ടി.എ എച്ച്.എം |
| | | | | | |

# എൽ.പി

# ആമുഖം

പഠനം രസകരമാവണമെങ്കിൽ പാഠ്യപദ്ധതിയെ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമാക്കി മാറ്റണം. ഇതിന് കുട്ടിയെ വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രസ്ഥാനത്തു നിർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഇതിനായി സി.കെ.ജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ എൽ.പി.വിഭാഗം പഠിപ്പിക്കുന്ന അധ്യാപകർ തയ്യാറാക്കിയ പദ്ധതിയുടെ കരട് ഇവിടെ സമർപ്പിക്കുന്നു.

**പഠനപ്രശ്നങ്ങൾ**

അക്കാദമികം

- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്താൻ കഴിയുന്നില്ല.
- ഭാഷ ആസ്വദിക്കുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തിയെടുക്കാൻ കഴിയുന്നില്ല.
- ഗണിത, ഭാഷ പഠനത്തിന് ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാൻ പരിമിതികൾ ഉണ്ട്.
- 1 മുതൽ 4 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
- ശ്രവണത്തിലൂടെ ഗ്രഹിച്ച കാര്യങ്ങൾ എഴുത്തിലൂടെ അവതരിപ്പിക്കാൻ കഴിയുന്നില്ല
- കുട്ടികൾക്ക് ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങളെ കുറിച്ച് ധാരണയില്ല.

**ഭൗതികം**

- ക്ലാസ് മുറികൾ ഐ.സി.ടി അധിഷ്ഠിത പഠനത്തിന് അനുയോജ്യമല്ല.
- ലൈബ്രറി ഫലപ്രദമല്ല (ബാലസാഹിത്യങ്ങൾ, ബാലമാസികകൾ ഉൾപ്പെടുത്തുക.)

**സാമൂഹികം**

- സമൂഹത്തിലെ ഭാഷാ,ഗണിത,ശാസ്ത്രവൈദഗ്ധ്യം ഫലപ്രദമായി സ്കൂളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.

*ഭാവി പ്രവചിക്കാൻ ഏറ്റവും നല്ല രീതി*
*അത് സ്വയം നിർമ്മിച്ചെടുക്കുക എന്നുള്ളതാണ്.*
*- എബ്രഹാം ലിങ്കൺ*

പ്രശ്നവിശകലനം

പ്രശ്നം-1 : 1 മുതൽ 4 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| **പദ്ധതി** | **പരിഹാര നിർദ്ദേശം** | **പദ്ധതി പ്രവർത്തനം** |
|---|---|---|
| **കുട്ടികൾ**<br>* അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് കുട്ടികൾക്ക് താൽപര്യമില്ലായ്മ<br>* പഠനത്തോടുള്ള താൽപര്യക്കുറവ്<br>*ഇംഗ്ലീഷിനോടും ഗണിതത്തോടും ഉള്ള പേടി<br>* ആരോഗ്യമില്ലായ്മ<br>* ചിഹ്നങ്ങൾ ഉറക്കാനുള്ള ബുദ്ധിമുട്ട്<br>* വായനയോടുള്ള താൽപര്യകുറവ് | * അധ്യയന വർഷാരംഭത്തിൽ കുട്ടികളുടെ നിലവാരം അറിയുന്നതിന് പ്രീ-ടെസ്റ്റ് നടത്തുക.<br>* പഠനത്തോടുള്ള താൽപര്യം ഉണർത്താൻ ക്ലാസ് റൂം മോഡിയാക്കൽ<br>* ഈസി ഇംഗ്ലീഷ് പദ്ധതിയിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് എളുപ്പമാക്കുന്നു.<br>ഗണിതം രസകരമാക്കാൻ ഐ.സി.ടി സാധ്യതകൾ<br>* പ്രഭാത ഭക്ഷണം-ആരോഗ്യബോധവൽക്കരണ ക്ലാസുകൾ<br>*ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ചിഹ്നങ്ങൾ നവീകരണം<br>*ബാലസാഹിത്യങ്ങൾ, ബാലമാസികകൾ, ലൈബ്രറിയിൽ ഉൾപ്പെടുത്തൽ | * പ്രീടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറക്കാനുള്ള പരിപാടി<br>* ചുമരെഴുത്തുകൾ ചിത്രങ്ങൾ<br>* ഈസി ഇംഗ്ലീഷ്<br>* പ്രഭാതഭക്ഷണം ബോധവൽക്കരണം<br>* ഐ.സി.ടി സാധ്യത<br>* ലൈബ്രറി നവീകരണം<br>* സമയബന്ധിതമായി നടപ്പിലാക്കുക.<br>* ലൈബ്രറി ലഭ്യമാക്കുക |
| **അധ്യാപകർ**<br>* പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യാനുള്ള സമയകുറവ്<br>* കൃത്യമായി ആസൂത്രണം ചെയ്യാനുള്ള ധാരണക്കുറവ്<br>* പഠനോപകരണങ്ങളുടെ അഭാവം<br>* ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്താൻ ഉള്ള പരിശീലന കുറവ്.<br>* കുട്ടികളിൽ താൽപര്യമുണ്ടാക്കുന്ന രീതിയിൽ വ്യത്യസ്ഥങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്നില്ല.<br>**സംവിധാനം**<br>* ക്ലാസ് മുറികൾ കുട്ടികൾക്ക് താൽപര്യമണ്ടാക്കാൻ കഴിയുന്ന വിധത്തിൽ ഐ.സി.ടി സാധ്യത പ്രയോഗിക്കാനോ പ്രായോഗികതലത്തിലേക്ക് കുട്ടികളെ നയിക്കാനോ കഴിയുന്ന തരത്തിലുള്ള തല്ല<br>* ക്ലാസുകൾ എങ്ങനെ കൈകാര്യം ചെയ്താൽ ലക്ഷ്യം നേടും എന്നതിന് കുറിച്ച് പരിശീലനം ലഭിക്കുന്നില്ല. | *അധിക സമയം കണ്ടെത്തുക.<br>* ക്ലാസുകളിൽ കുട്ടികളിൽ താൽപര്യമുണർത്തുന്ന പുസ്തകങ്ങൾ ക്രമീകരിക്കുക.<br>* ഐ.സി.ടി സാധ്യതകൾ ഉറപ്പുവരുത്തുക. ഇതിനായി അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുക.<br>* കഥകളിലൂടെയും കവിതകളിലൂടെയും ചിത്രങ്ങളിലൂടെയും രസകരമാക്കുക.<br>*വീടുകളിൽ പഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ ശ്രമിക്കുക.<br>പാഠപുസ്തകത്തിന്റെ ആവശ്യകത രക്ഷിതാക്കളെ മനസ്സിലാക്കിക്കുക.<br>കവികളേയും കഥാകാരൻമാരെയും പരിചയപ്പെടുത്തുക. അവരുടെ സംഭാവനകൾ കുട്ടികളിൽ എത്തിക്കുക.<br>* കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ കൈകാര്യം ചെയ്യാനും ഇംഗ്ലീഷ് ഈസിയാക്കാനും ഇംഗ്ലീഷ് ലാബുകൾ ഒരുക്കുക. | * ഐ.സി.ടി<br>കുട്ടികളുടെ പഠനനേട്ടം കൃത്യമായി രേഖപ്പെടുത്തുക<br>* ഓരോ ക്ലാസിലും മുൻ ക്ലാസുകളിൽ കുട്ടി നേടേണ്ടശേഷികൾ പട്ടികപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.<br>* ക്ലാസ് ലൈബ്രറികൾ<br>* ഐ.സി.ടി സാധ്യതകൾ കണ്ടെത്തി പ്രദർശിപ്പിക്കുക. |

## പ്രശ്നവിശകലനം

പ്രശ്നം-1 : 1 മുതൽ 4 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| പദ്ധതി | പരിഹാര നിർദ്ദേശം | പദ്ധതി പ്രവർത്തനം |
|---|---|---|
| **രക്ഷിതാവ്**<br>* എല്ലാ കുട്ടികൾക്കും ആവശ്യമായ പഠനാന്തരീക്ഷം ലഭിക്കുന്നില്ല.<br>* പരിശീലനത്തിന്റെ ആവശ്യകത, പുസ്തകങ്ങളുടെ ആവശ്യകത, എല്ലാ രക്ഷിതാക്കൾക്കും ബോധ്യപ്പെട്ടിട്ടില്ല.<br>* കുട്ടികളിലെ ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധ | * കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാ കൈകാര്യം ചെയ്യാനും ഇംഗ്ലീഷ് ഈസിയാക്കാനും ഇംഗ്ലീഷ് ലാബുകൾ ഒരുക്കുക. | * ഐ.സി.ടി സാധ്യതകൾ കണ്ടെത്തി പ്രദർശിപ്പിക്കുക. |

**പരിഹാര പ്രവർത്തനം- വിശദാംശങ്ങൾ**

പഠനം ലളിതവും ആസ്വാദ്യവും ആക്കുക, എല്ലാ കുട്ടികളുടേയും സജീവ പങ്കാളിത്തം ഉണ്ടാക്കുക. പഠനനേട്ടം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് പരിഹാര പ്രവർത്തനങ്ങൾ തയ്യാറാക്കിയത്.

1. **ക്ലാസ് മോഡിയാക്കൽ ,പ്രീ -ടെസ്റ്റ്**

   എല്ലാ കുട്ടികൾക്കും ക്ലാസ് റൂമിനോടുള്ള താൽപര്യം ഉണർത്താൻ ചുമരെഴുത്തിലൂടെയും ചിത്രങ്ങളിലൂടെയും ക്ലാസ് മോഡിയാക്കൽ. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തി പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

2. **ദിനാചരണങ്ങൾ, പ്രഭാതഭക്ഷണം, ലൈബ്രറി, നവീകരണം**

   ലൈബ്രറി നവീകരണം ബാലസാഹിത്യങ്ങളും ബാലമാസികകളും കൂടുതൽ എത്തിക്കുന്നു. പ്രഭാത ഭക്ഷണം കൊടുക്കാനുള്ള പ്രവർത്തനങ്ങൾ തുടക്കമിടുന്നു.

3. **ഈസി ഇംഗ്ലീഷ്**

   അസംബ്ലി സംഘടിപ്പിച്ച് ഇംഗ്ലീഷ് എളുപ്പമാക്കാൻ സ്പീച്ച്, though, new words, news report എന്നിവ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു

4. **ക്ലാസിൽ ഒരു പത്രം**

   1 മുതൽ 4 വരെ ക്ലാസുകളിൽ ഒരു പത്രം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ. പത്രത്തോടൊപ്പം മാസികകളും

5. **ഇംഗ്ലീഷ് ലാബ്**

   കുട്ടികളിൽ listening skill വർദ്ധിപ്പിക്കുന്നതിന് English Lab തുടങ്ങും. Audio Clips, video clips, CD എന്നിവ ശേഖരണം. ഇതിനായി smart class ഉപയോഗപ്പെടുത്തുക.

6. **തൊഴിൽ പ്രാവീണ്യം**

   സ്വാശ്രയശീലം കുട്ടികളിൽ വളർത്താൻ ഏതെങ്കിലും ഒരു തൊഴിലിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

7. **പഠനയാത്രകൾ**

   പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികൾക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.

8. **സഹവാസക്യാമ്പുകൾ**

   പരസ്പരാശ്രയത്വം മനസ്സിലാക്കാനും സ്നേഹം, അനുകമ്പ എന്നിവ കുട്ടികളിൽ വളർത്താൻ സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

9. ഒന്നാം ക്ലാസ് ഒന്നാം തരം

# പ്രവർത്തന പദ്ധതി വിശകലനം

**മേഖല അക്കാദമികം**

പ്രശ്നം: 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

| പ്രവർത്തനം | ചുമതല | കാലം | സാമ്പത്തി | ഏജൻസി |
|---|---|---|---|---|
| * കുട്ടികൾക്കും പഠനത്തോടും ക്ലാസ് റൂമിനോടും താൽപര്യം ഉണ്ടാക്കാനുള്ള ചുമർ ചിത്രങ്ങൾ വരയ്ക്കൽ<br>* പ്രീ ടെസ്റ്റ് നടത്തുക.<br>* മൂല്യനിർണ്ണയം നടത്തി വിശകലനം ചെയ്ത് എസ്.ആർ.ജി യോഗങ്ങളിൽ അവതരിപ്പിക്കുക.<br>* പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.<br>* പ്രഭാത ഭക്ഷണം കുട്ടികൾക്ക് കൊടുക്കാൻ ഉള്ള പ്രവർത്തനങ്ങൾ<br>* ലൈബ്രറി നവീകരണം<br>* ഈസി ഇംഗ്ലീഷ് പദ്ധതി<br>* തൊഴിൽ പ്രാവീണ്യം<br>* ഇംഗ്ലീഷ് ലാബ്<br>* പഠനയാത്രകൾ<br>* സഹവാസക്യാമ്പുകൾ | ഡ്രോയിങ് ടീച്ചർ<br>സബ്ജെക്ട് ടീച്ചർ<br>സബ്ജെക്ട് ടീച്ചർ<br>സബ്ജെക്ട് ടീച്ചർ<br>ക്ലബ് കൺവീനർ<br>എസ്.ആർ.ജി<br>പഠനയാത്ര | മെയ് അവസാനം<br>ജൂൺ ആദ്യ ആഴ്ച<br>ജൂൺ രണ്ടാം വാരം<br>ജൂൺ അവസാനം<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ<br>നവംബർ<br>ഡിസംബർ<br>മാർച്ച് | | പി.ടി.എ |
| | | | | |
| | | | | |

## മോണിറ്ററിംഗ്

നാം രൂപം കൊടുത്ത കർമ്മപദ്ധതികളെല്ലാം നടപ്പിലാക്കുന്ന ഘട്ടങ്ങളിൽ ആവശ്യമായ മേൽനോട്ടവും വിലയിരുത്തലും നടത്തുന്നതിനായി ശക്തമായ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണ്. ഓരോ പദ്ധതിക്കും പ്രത്യേകം മോണിറ്ററിംഗ് ടീം രൂപീകരിക്കണം. മൊത്തം വാർഷിക പദ്ധതിയുടെ സംഘാടനം വിലയിരുത്തുന്നതിനായിസ്കൂൾ തലത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനവും ഉണ്ടാവണം. എല്ലാ മാസവും മോണിറ്ററിംഗ് സമിതി യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും പദ്ധതി പ്രവർത്തനങ്ങൽ അവലോകനം ചെയ്യുകയും വേണം. ഓരോ മേഖലയ്ക്കും പ്രത്യേകം മോണിറ്ററിംഗ് സമിതികൾ രൂപവൽക്കരിക്കാവുന്നതാണ്.

**പദ്ധതിതല മോണിറ്ററിംഗ് (അക്കാദമിക്)**

ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ , ഡെപ്യൂട്ടി എച്ച്.എം, എസ്.ആർ.ജി കൺവീനർമാർ, സബ്ജക്റ്റ് കൗൺസിൽ കൺവീനർമാർ,

**മോണിറ്ററിംഗ് സമിതി -ഭൗതികം**

മാനേജ്മെന്റ് പ്രതിനിധി, പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ, പി.ടി.എ പ്രസിഡണ്ട്, സ്റ്റാഫ് സെക്രട്ടറി, അദ്ധ്യാപക പ്രതിനിധികൾ, പി.ടി.എ പ്രതിനിധികൾ.

**മേഖല സാമൂഹികം**

പി.ടി.എ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, വാർഡ് മെമ്പർ, പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രസിഡണ്ട്, സെക്രട്ടറി, ഹെഡ്മാസ്റ്റർ, പ്രിൻസിപ്പാൾ, എം.പി.ടി.എ പ്രസിഡണ്ട്, എസ്.ആർ.ജി കൺവീനർ

**സ്കൂൾതല മോണിറ്ററിംഗ് സമിതി**

വാർഡ് മെമ്പർ, പി.ടി.എ പ്രസിഡണ്ട്, പ്രിൻസിപ്പാൾ (കൺവീനർ) ഹെഡ്മാസ്റ്റർ, എസ്.ആർ.ജി കൺവീനർമാർ, വിദ്യാലയ വികസന സമിതി പ്രതിനിധികൾ, സബ്ജക്റ്റ് കൺസിൽ കൺവീനർമാർ

*ചെന്നെത്തുന്നത് എവിടെയെങ്കിലുമാകട്ടെ*
*സത്യത്തെ തന്നെ പിൻതുടരുക*
*ഭീരുത്വവും കാപട്യവും ദൂരെ കളയുക - സ്വാമി വിവേകാനന്ദൻ*

## ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇന്ന് ദൂരവ്യാപകമായ ദോഷ ഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഇല്ലായ്മ ചെയ്യാനുള്ള ബദൽ കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം. അതിനാൽ കേര ളത്തിലെ പൊതു വിദ്യാലങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകണം എന്നാഗ്രഹിക്കുന്ന ഓരോ പൗരന്മാരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്ന താണ്.

അടുത്ത അഞ്ചുവർഷത്തേക്കുള്ള സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. അതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധ തികൾ നിശ്ചിത വിഷയഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂ ത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും വേണ്ടിവരും. പ്രാദേശികവും കാലി കവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരു ത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കണം. വിദ്യാലയത്തിലേക്ക് ഏത് സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാ കണം.

അഞ്ച് വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തരത്തിലും ലോകനിലവാ രത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാ ക്കുന്നത്. സാധാരണക്കാരന്റെ വിദ്യഭ്യാസ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

*ഓരോ വീടും ഒരോ വിദ്യാലയമാണ്. മാതാപിതാക്കൾ അധ്യാപകരും......*
*ഗാന്ധിജി*